38
25 JUN 1960

# തുഞ്ചത്തെഴുത്തച്ഛൻ

പുസ്തകം 11 | 1960 മേയ്-ജൂൺ | ലക്കം 1-2

## പ്രാർത്ഥന

209905
032:1K2Om2:N50
KO

സത്യം വദാമി മമ ഭൃത്യാദിവർഗ്ഗമതു-
മർത്ഥം കളത്രഗൃഹ പുത്രാദിജാലമതു-
മൊക്കെത്വദർപ്പണമതാക്കീട്ടു ഞാനുമിഹ
തൃക്കാൽക്കൽ വീഴ്‌വു ഹരിനാരായണായ നമഃ

— !! —

## ആചാര്യസൂക്തികൾ

### ആരും ദുഃഖിക്കരുതു്

ദേഹമത്യർത്ഥം ജഡം ക്ഷണഭംഗുരം
മോഹൈകകാരണം മുക്തിവിരോധകം
ശുദ്ധിവിഹീനം പവിത്രമല്ലോട്ടുമേ
ചിത്തെ വിചാരിച്ചുകൊണ്ടാലൊരിക്കലും
ദുഃഖിപ്പതിന്നവകാശമില്ലോട്ടുമേ
ദുഃഖേന കിം ഫലം മൃത്യുവശാത്മനാം

.... .... .... .... ....

കാലചക്രത്തിൻ ഭ്രമണവേഗത്തിനു
മൂലമിക്കർമ്മഭേദങ്ങളറികനീ
ദുഃഖത്തിനെന്തൊരു കാരണം ചൊല്ലുനീ
മുഖ്യജനമതം കേൾക്കഞാൻ ചൊല്ലുവൻ
ആത്മാവിനില്ല ജനനമരണവു-
മാത്മനി ചിന്തിക്കഷാഡ്ഭാവവുമില്ല
നിത്യാനന്ദസ്വരൂപൻ നിരാകുലൻ
സത്യസ്വരൂപൻ സകലേശ്വരൻ ശാശ്വതൻ
ബുദ്ധ്യാദിസാക്ഷി സർവ്വാത്മാസനാതന-
നദ്വയനേകൻ പരൻ പരമൻ ശിവൻ
ഇത്ഥമനാരതം ചിന്തിച്ചു ചിന്തിച്ചു
ചിത്തേ ദൃഢമതറിഞ്ഞു ദുഃഖങ്ങളും
ത്യക്ത്വാ, തുടങ്ങുക കർമ്മസമൂഹവും
സത്വരം, മേലും വിഷാദമുണ്ടാകൊല.

— • —

# പ്രസ്താവന

പത്തുവർഷം കഴിഞ്ഞു് പതിനൊന്നാം വയസ്സിലേക്കു കാലെടുത്തുവെക്കുകയാണു് തുഞ്ചത്തെഴുത്തച്ഛൻ. ഞങ്ങളെ സഹായിച്ചുവരുന്ന സുഹൃത്തുക്കളോടെല്ലാം കൂപ്പുകൈയ്യോടുകൂടി ഞങ്ങളുടെ അകമഴിഞ്ഞ നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

കഴിഞ്ഞ പത്തുവർഷവും ഒരു ദിവസമെങ്കിലും തെറ്റാതെ ശരിക്കു മാസികം നടത്തുവാൻ സാധിച്ചതു പ്രിയപ്പെട്ട വരിക്കാരുടെ സഹായം ഒന്നുകൊണ്ടു മാത്രമാണെന്നു പറയുന്നതു വെറും വാസ്തവമാണു്. ഈ കാലമത്രയും മാസികത്തിലെ ഉള്ളടക്കത്തെപ്പറ്റി മഹാജനങ്ങളിൽനിന്നു മേല്ക്കുമേൽ അഭിനന്ദനമല്ലാതെ, ഒരു ലക്കത്തെക്കുറിച്ചെങ്കിലും ഒരാൾപോലും ദുരഭിപ്രായം പറയാനിടവന്നിട്ടില്ലെന്നതു ഞങ്ങൾക്കു അത്യന്തം ചാരിതാർത്ഥ്യവും അഭിമാനജനകവുമാണു്. സൌരഭ്യമേറിയ കവനകുസുമങ്ങളെക്കൊണ്ടു ആ വന്ദ്യകേരളഗുരു ശ്രീ തുഞ്ചത്തെഴുത്തച്ഛന്റെ പാദുകപൂജ ചെയ്തുവരുന്ന സാഹിതീഭക്തന്മാരും സഹൃദയരുമായ മാന്യലേഖകന്മാരെ എങ്ങനെയാണു് വന്ദിക്കേണ്ടതു എന്നു ഞങ്ങൾക്കറിയാത്തതിനാൽ സ്നേഹാദരപൂർവ്വം അഞ്ജലീബദ്ധരായ് കുമ്പിടുക മാത്രമേ നിർവ്വാഹമുള്ളു. കേരളഭാഷാസാഹിത്യപ്രണയികൾ ഒരു കാലത്തും തുഞ്ചത്തെഴുത്തച്ഛനെ മറക്കുകയോ അനാദരിക്കുകയോ ചെയ്കയില്ലെന്നു ഞങ്ങൾക്കുറപ്പുണ്ടു്. അവരുടെ എല്ലാം സഹായസഹകരണംകൊണ്ടു സജ്ജനങ്ങളിൽനിന്നു ഞങ്ങൾക്കു ദൈനംദിനം ലഭിച്ചുകൊണ്ടിരിക്കുന്ന അഭിനന്ദനത്തിന്നു ഊനം പറ്റാതെ അതു നിലത്തുവാനും ഉപര്യുപരി ശ്രേയോമാർഗ്ഗം തേടുവാനും സംഗതിവരട്ടെ.

ഇതുകൊണ്ടു മാത്രം പോരല്ലോ. മാസികത്തിന്റെ ധനസ്ഥിതി തുലോം ദൈന്യാവസ്ഥയിലാണിരിക്കുന്നതു എന്ന വാസ്തവം തുറന്നുപറയാതിരിക്കാൻ വയ്യാ. പേരും പെരുമയുമിച്ഛിച്ചു വാരിക്കോരി പണം വ്യയം ചെയ്യുന്ന കേരളീയർ അനവധിയുണ്ടു്. അവർക്കു ഇത്തരം സദ്പ്രവൃത്തികളിലാകാംക്ഷയില്ലാതായതു മലയാളഭാഷയുടെ ദൌർഭാഗ്യമെന്നേ പറയേണ്ടു. പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ചു ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർക്കു മലയാളം വായിച്ചാൽ മനസ്സിലാകില്ലെന്നോ, അവർക്കതിനു സമയമില്ലെന്നോ കാരണങ്ങൾ പറയാൻ കാണും. മൂലധനം ഒരു പൈപോലുമില്ലാതെ, ശരിക്കു വരിസംഖ്യ പിരിഞ്ഞുകിട്ടാതെ, കേവലം അംഗുലീപരിമിതമായ വരിക്കാരെ ആശ്രയിച്ചു, ആ വന്ദ്യഗുരുവിന്റെ സ്മരണയെ മുൻനിർത്തി ബഹുജനങ്ങളുടെ സഹായത്തെ അനുനിമിഷം പ്രതീക്ഷിച്ചു്—ആ ആശയോടുകൂടിയാണു്—നഷ്ടപ്പെട്ടും കഷ്ടപ്പെട്ടും ഇത്രയും കാലം ഞങ്ങൾ മാസികം നടത്തിയതു. ഇനിയും കേരളീയർ ഉണർന്നുകാണാത്തതിൽ വ്യസനിക്കുകയല്ലാതെ ഗത്യന്തരമില്ല.

വിദ്യാൎത്ഥികളുടെ നന്മയെ പുരസ്കരിച്ചു് ഞങ്ങൾ കഴിവിലധികം പ്രയത്നിക്കുന്നുണ്ടു്. ഈ കാലങ്ങൾക്കുള്ളിൽ ഈ വിഷയത്തിൽ ഏഴായിരത്തിലധികം ഉറുപ്പിക വിദ്യാൎത്ഥികളുടെ പ്രോത്സാഹനാൎത്ഥം നിൎദ്ധനനായ തുഞ്ചത്തെഴുത്തച്ഛൻ ചിലവഴിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ, ലക്ഷക്കണക്കിൽ പണം സമ്പാദിക്കുന്ന കേരളത്തിലെ അനേകം പത്രമാസികക്കാൎക്കു മുഖം കറുക്കുകയോ മഞ്ഞളിക്കുകയോ ചെയ്യുമെങ്കിൽ അതിനു ഞങ്ങൾ ഉത്തരവാദികളല്ല. സുഹൃത്തുക്കളെ! ഇതു ഒന്നുമാത്രം മതി ഞങ്ങളുടെ നിഷ്കാമസേവനത്തിനുള്ള ഉദാഹരണം.

ഗവൎമ്മേണ്ടിൽനിന്നു ഈ മാസികം അംഗീകരിച്ച എല്ലാം സ്കൂളുകളിലും എടുത്തുകൊള്ളുവാനനുവദിച്ചിട്ടുണ്ടെങ്കിലും വളരെ അധികം സ്കൂളുകൾ ഇനിയും വരിക്കാരായി ചേരാത്തതു പരിതാപകരമാണു്. ഹെഡ്മാസ്റ്റർമാരുടെ കയ്യാൽ ഒരു പൈപോലും ചിലവില്ല, കുട്ടികൾക്കാണെങ്കിൽ വലുതായ മെച്ചവുമാണു്. ഇതോൎക്കാതെ കേവലം അലസഭാവത്തിലിരിക്കുന്ന ഹെഡ്മാസ്റ്റർമാർ ഒന്നുണൎന്നാൽ—. ഇനിയെങ്കിലും ഉണരുമെന്നുതന്നെ വിശ്വസിക്കുന്നു.

ചില ഹെഡ്മാസ്റ്റർമാർ ചെറുതായൊരു പിശകു ചൂണ്ടികാണിച്ചിട്ടുണ്ടു്. ഗവൎമ്മേണ്ടിൽനിന്നു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള അംഗീകരിച്ച പുസ്തകമാസികകളുടെ ലിസ്റ്റിൽ തുഞ്ചത്തെഴുത്തച്ഛനെ കാണാത്തതുകൊണ്ടു മേലിൽ അയക്കേണ്ടതില്ല എന്നു ചിലർ എഴുതീട്ടുണ്ടു്. ഇതിനെപ്പററി ഞങ്ങൾ എഴുതിച്ചോദിച്ചപ്പോൾ ഡയറക്ടരാപ്പീസ്സിൽനിന്നും ഞങ്ങൾക്കു കിട്ടിയ എഴുത്തിൻെറ നേർപകർപ്പ് അന്യത്ര കൊടുത്തിട്ടുള്ളതു ഹെഡ്മാസ്റ്റർമാരുടെ സംശയത്തിന്നു പരിഹാരമായിട്ടുണ്ടു്. ഈ സംഗതിയെപ്പററി ഇനി ആൎക്കും ഒരു സംശയവും വേണ്ടാത്തതിനാൽ എല്ലാവരുടേയും സഹകരണം പ്രത്യേകം അഭ്യൎത്ഥിക്കുന്നു. വിദ്യാഭ്യാസമേലധ്യക്ഷനവർകളിൽനിന്നു ഈ സംഗതിയിൽ ഹെഡ്മാസ്റ്റർമാൎക്കു് വേണ്ട സകല സഹായങ്ങളും ലഭിക്കുന്നതാണെന്നു കൂടി സവിനയം പ്രസ്താവിക്കട്ടെ.

ഒന്നു രണ്ടു വരിക്കാർ മാസികത്തിൻെറ പേജ് കൂട്ടിയാൽ കൊള്ളാമെന്നഭിപ്രായപ്പെട്ടിട്ടുണ്ടു്. അനേകം വരിക്കാർ നാലുപേജ് ചുരുങ്ങിയാലും മാസികം ബൈണ്ടു്ചെയ്തു സൂക്ഷിക്കേണ്ട ഒന്നാകയാൽ നല്ല വെളുപ്പും മിനുസവും ഉള്ള കടലാസ്സായാൽ തരക്കേടില്ല എന്നും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഞങ്ങൾ രണ്ടുകൂട്ടരുടേയും അഭിപ്രായങ്ങളെ ഒരുപോലെ ബഹുമാനിക്കുന്നുണ്ടു്. ഒന്നാംലക്കം പുറത്തുവന്നപ്പോൾ അതിൽ ഞങ്ങൾ പ്രസ്താവിച്ചിട്ടുണ്ടു്. മാസികകൾ ഒട്ടാകെ വൎഷത്തിൽ നാനൂറു പേജുണ്ടായിരിക്കുമെന്നു. അതു ന്യൂസ്പ്രിൻറിൽ 14 പോയിൻറു ടൈപ്പിലാണു്. ഇപ്പോൾ നല്ല മിനുസ്സക്കടലാസ്സിൽ 12 പോയിൻറു ടൈപ്പാണു് ഉപയോഗിക്കുന്നതു്. ഇതു മുമ്പേതിനെക്കാൾ കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്താൻ സാധിക്കും. വൎഷാവസാന

# എന്റെ വിജയാശംസകൾ

മട്ടന്നൂർ മധുസൂദനതങ്ങൾ

പ്രതിദിനമല്ല, പ്രതിനിമിഷം ആരാധിക്കേണ്ട തുഞ്ചത്താചാര്യപാദരുടെ പാവന സ്മരണയെ മാസത്തിലൊരിക്കലെങ്കിലും അനുസ്മരിപ്പിക്കുന്ന "തുഞ്ചത്തെഴുത്തച്ഛൻ" മാസികക്ക് എന്റെ അകംനിറഞ്ഞ ആശംസകൾ. പ്രാക്തനവും പ്രോന്നതവുമായ ഒരു സംസ്കാരമണ്ഡലത്തിൽനിന്നും കേരളം കുറേശ്ശെ കുറേശ്ശെ കീഴോട്ടിറങ്ങുന്നതായി തോന്നിപ്പോകുന്നു. ഈ ഭാവിവിപത്തുണ്ടാകാതിരിപ്പാൻ നൂററാണ്ടുകൾക്കപ്പുറം കേരളത്തിലുദയം ചെയ്ത രക്ഷാപുരുഷനായിരുന്നു തുഞ്ചത്തെഴുത്തച്ഛൻ. കേരളത്തിന്റെ ഭാഷയിലും സാഹിത്യത്തിലുംകൂടി ആ ആർഷകവി സ്വകൃത്യം നിർവ്വഹിച്ചു. ആരുണ്ടിന്നതിനെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാൻ?

എഴുത്തച്ഛൻ വരച്ച വരയിൽകൂടി പിച്ചനടന്നു് കാലുറച്ചു് ഉയന്നതെന്നു വിചാരിക്കപ്പെടുന്ന നിലയിലെത്തിയ നമ്മുടെ ഒരെഴുത്തുകാരൻ ഒരിക്കൽ എഴുതുകയുണ്ടായി (ഈ അർത്ഥത്തിൽ) തുഞ്ചൻദിനം കൊണ്ടാടാൻ തുടങ്ങിയാൽ മുന്നൂററിയറുപത്തഞ്ചു ദിവസവും ഓരോരുത്തരെ അനുസ്മരിക്കാനുള്ള വകകളുണ്ടീക്കേരളത്തിലെന്നു്. അത്രത്തോളമെത്തീ ആ കേരളാചാര്യനെക്കുറിച്ചു് കേരളീയരായ ചിലക്കുള്ള സാദരസ്മരണകൾ! തുഞ്ചൻപറമ്പിലെ പച്ചിലപ്പടർപ്പുകളിൽ പാറിക്കളിച്ചുകൊണ്ടു് ആ ശാരികപ്പൈതൽ പാടിയ ഒരീരടി നമുക്കീ വിഷയത്തിൽ സമാധാനം തരുന്നുണ്ടു്.

"ഉള്ളവണ്ണമേ പറവാനുമിതറിവാനു-
മുള്ളം നല്ലുന്നവ്വുള്ളോരില്ലാരും ജഗത്തിങ്കൽ"

കേരളീയ സംസ്കാരത്തിന്റെ ഉദ്ധാരകനും കാവൽഭടനുമായ തുഞ്ചത്താചാര്യൻ, ഭൃഗുരാമഭൂമിയുടെ ചരിത്രദൃഷ്ടിയിൽകൂടി നോക്കിയാൽ കാണാം അനുഗ്രഹീതനായ ഒരാർഷകവി മാത്രമല്ലെന്നു്. അതെ, എഴുത്തച്ഛൻ ഒരു യുഗസംഭവമായിരുന്നു. ഭക്തിനിഭരങ്ങളായ കവിതകളിൽകൂടി,

---

ത്തിൽ ഒട്ടാകെ നാന്നൂറോളം പേജും വരുന്നുണ്ടു്. ന്യൂസ് പ്രിൻറിനേക്കാൾ ഇരട്ടി വിലയാണ് ഈ മിനുസക്കടലാസിനു്. ഇങ്ങിനെ വമ്പിച്ച നഷ്ടം സഹിച്ചിട്ടും ഞങ്ങൾ മാന്യവായനക്കാരെ തൃപ്തിപ്പെടുത്തുന്നുണ്ടു് എന്നാലോചിച്ചാലറിയാവുന്നതാണ്. വരിക്കാർ കൂടിക്കൂടിവരട്ടെ! ഞങ്ങൾ പേജുകൾ കൂട്ടാം. വരിസംഖ്യ ചുരുക്കാം. അതിനാണ് വരിക്കാരും സുഹൃത്തുക്കളും ഒത്തുപരിശ്രമിക്കേണ്ടതു്. ഇത്രയും പറഞ്ഞു ഭാവിയെ ഭഗവൽ പാദാരവിന്ദത്തിലർപ്പിച്ചുകൊണ്ടു തല്ക്കാലം വിരമിക്കുന്നു.

—പത്രാധിപർ

തുളസീദാസൻ ഹിന്ദിയിലും, ജയദേവൻ സംസ്കൃതത്തിലും, കമ്പർ തമിഴിലും എന്തുചെയ്തുവോ മലയാണ്മയിൽ എഴുത്തച്ഛനും അതു ചെയ്തു എന്നു പറഞ്ഞാൽ, ആ പരിമിതിക്കകത്തു് എഴുത്തച്ഛനെ ഒതുക്കിനിറുത്തുവാൻ അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ സൂക്ഷ്മചരിത്രം സമ്മതിക്കുമോ? ഇല്ല എന്നു ഞാൻ തീർത്തുപറയും. ആ പരിമിതിക്കപ്പുറത്താണു് സങ്കീർണ്ണമായ കേരളചരിത്രപശ്ചാത്തലത്തിൽ എഴുത്തച്ഛൻ എന്ന സംഭവം അനശ്വരമായി നില്ക്കുന്നതു്.

ആ സംഭവത്തിന്റെ സൂക്ഷ്മാംശങ്ങളെ സംബന്ധിച്ചുള്ള ദയനീയമായ നമ്മുടെ അജ്ഞത നമുക്കു സമ്മതിക്കാം. കേരളത്തിലെ മുഖ്യസംഭവങ്ങളിൽ പലതിനെക്കുറിച്ചും മാത്രമല്ല കേരളത്തെക്കുറിച്ചു തന്നെയുമുള്ള ചരിത്രസത്യങ്ങളുടെ കാര്യത്തിൽ നാം ഇരുട്ടറകളിലാണു്. നമുക്കു വെളിച്ചം തെളിച്ചുതന്ന കുലഗുരുവിനെക്കുറിച്ചുള്ള വെളിച്ചം തേടുവാൻ ഒരു കേരളീയന്നു് ഇംഗ്ലണ്ടിൽ പോകേണ്ടി വന്ന കഥ നമുക്കറിയാം.

അപ്പോൾ അദ്വിതീയനായ ആ കേരളീയാചാര്യന്റെ പാവനനാമത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വല്ലതുമുണ്ടെങ്കിൽ അങ്ങിനെ "ഉള്ളവണ്ണമറിയാൻ" ആളുണ്ടാവുന്നില്ലെങ്കിൽ അതിൽ വേദനിക്കാനില്ല. അഥവാ ആ ഋഷിസത്തമന്നു് സ്മാരകം തന്നെ എന്തിനാണു്? പരോക്ഷമായും പ്രത്യക്ഷമായും കേരളംതന്നെ അവിടുത്തെ അനശ്വരസ്മാരകമല്ലേ?

ഭാരതവർഷത്തിന്റെ ഹൃദയസ്പന്ദങ്ങളായിരുന്ന ആ ഗാനഗന്ധർവ്വന്റെ നാദധാരക്കു് താളംപിടിച്ചതു്. ഭാർഗ്ഗവക്ഷേത്രത്തിന്റെ കനക കവാടം തുറന്നു്, തേജോമയമായ ഭദ്രദീപം തെളിച്ചു് ഔപനിഷദവും ദാർശനികവുമായ ഭാരതത്തിന്റെ വിശാലമേഖലയിലേക്കു് ജ്ഞാനഗംഭീരനായ ആചാര്യൻ നമുക്കു് വഴികാണിച്ചുതന്നു. തപസ്സ്വാധ്യായനിരതനായ ആ മഹാത്മാവിന്റെ വിശുദ്ധസ്മരണക്കായുള്ള ഏതേതു് സംരംഭങ്ങൾ അഭികാമ്യങ്ങളല്ല?

വെള്ളിനക്ഷത്രം ഏകനായിട്ടേ ഉദിക്കാറുള്ളു. ആ ഏകത്വമാണു് അതിന്റെ മഹത്വവും. രാവിന്റെ അന്തിമഗാനമാലപിച്ചുകൊണ്ടു് കിളികൾ പാടും. തളിരുകളും പൂക്കളും വിടരും. സംസ്കാരജ്യോതിസ്സു് ഉയർന്നുവരും. പൊൻപുലരിയിൽ നാം സർവ്വേശ്വരനെ സ്മരിക്കുക!

നിങ്ങളുടെ സൽപ്രവർത്തനത്തിന്നു് എന്റെ വിജയാശംസകൾ!

## True Copy of Director's Approval

1-3-10598/57. Trivandrum

From 21—5—1957

*The Director of Public Instruction*
*Trivandrum.*

To

*The Secretary* Thuncheth Ezuthachen, Chittur, Palghat Dist.

*Sub:*— The magazine "Thuncheth Ezuthachen"—approval of

*Ref:*— Your latter dated 6—5—'57

***I write to inform you that your magazine "Thuncheth Ezhuthachen" is being approved for use in School libraries.***

*Yours faithfully,*
Sd/.
for Director.

*Endt. on. d Dis 10598/57/A1. 3.*

Copy forwarded to Divisional Educational Officers, Inspectress of Girl's Schools, Kozikode and Principals of Training Colleges for information and necessary action. Further information on the subject may be obtained from the Secretary, Thuncheth Ezhuthachen, Chittur.

ലിസ്റ്റിൽ ഉൾപ്പെടുത്താതെ വിട്ടുകളഞ്ഞതിനെപ്പറ്റി എഴുതിചോദിച്ചതിന്നു കിടിയ മറുപടി. **True Copy.**

d. Dis 13177/60 J.

Office of the Director of Public Instruction, Trivandrum.
9-5-1960/19 2-1882.

*From,* The Administrative Assistant

*To,* The Secretary, Thuncheth Ezuthachen, Chittur.

*Sir,*

*Sub:*—Thuncheth Ezuthachen Magazine—approval of for School Libraries.

*Ref.*—This Office better of even No, dated 27-2-60 and 12·3·60.

***In supersession of the letter cited, I write to inform you that the orders approving books for use of School libraries in previous years still stand. Since your magazine is already approved in 1957, no fresh approval is needed for the same.***

S/d *Yours faithfully*
Administrative assistant
for Director of Public Instruction

*Forwarded by order*

Sd/- 7/5
Superintendent.

# അഭിപ്രായങ്ങൾ

മാസികത്തെപ്പററി ഇതിനകം അനേകശതം ആശംസകളും അഭിപ്രായങ്ങളും മാന്യജനങ്ങൾ അയച്ചുതന്നിട്ടുള്ളതിൽ ഏതാനും ചിലതാണ് താഴെ ചേർക്കുന്നതു്.

—പത്രാധിപർ

No. V P 24/226
2, King Edward Road, New Delhi
the 15th April 1960

Dear Sir,

Thank you for your letter of 11th April.

I am glad to know of the good work that you are doing. I wish your journal every success.

Yours sincerely,
(S. Radhakrishnan)

Sri. M. S. Ram, I. A. S. 29—1—1951
Sub-Collector, Sivakasi.
Now Economic Adviser to the Govt. of India.
New York—America.

*മാന്യരെ,*

വിശ്വസാഹിത്യലോകത്തിൽ തന്നെ ഒരു സ്ഥാനം അർഹിക്കുന്ന മഹാനുഭാവനായ തുഞ്ചത്തെഴുത്തച്ഛൻെറ സ്മാരകമായി നിങ്ങൾ ചെയ്യുന്ന ഈ മഹനീയ ഉദ്യമത്തിന്നു് സർവ്വമംഗളവും ആശംസിക്കുന്നു.

*എന്നു് വിധേയൻ*

ഒപ്പു്

Sri. V. P. Menon, 29—1—1951
I, King Edward Road, New Delhi.

Dear Sir,

I am afraid I have not been able to give much time to reading the Thuncheth Ezuthachen. My impresson, however, is that it is a literary journal of fairly high Standard and that it is keeping up its original form. It deserves, and I hope will receive, the support of the general Public who are interetsed in literary activities. Sd/-

Sri K. Kelappan
Mudadi, N. Malabar.

19—7—1960

*ശ്രീമാൻ,*

തുഞ്ചത്തെഴുത്തച്ഛൻ മാസികയുടെ ലക്കങ്ങൾ അയച്ചുതന്നതു് കൈപ്പററി നന്ദിപറയുന്നു.

ആ ആചാര്യപാദങ്ങളിൽ കേരളീയരുടെ അളവററ കടപ്പാടിൻെറ സ്മരണക്കായി ഇങ്ങനെയൊരുപഹാരമെങ്കിലും അർപ്പിക്കുവാൻ മുതിർന്ന ഏതൽ ഭാരവാഹികൾ അഭിനന്ദാർഹരാണു്.

എൻെറ സകല ഒത്താശകളും നിങ്ങൾക്കു് പ്രതീക്ഷിക്കാവുന്നതാണു്.

Sd/-

'HINDU' MADRAS, SUNDAY 2nd JULY 1950.

## 'THUNCHETH EZUTHACHEN'

We are in receipt of the first (Medom) issue of this Malayalam monthly sponsered by an influential Committee and published by its Secretary Mr. P. R. Menon, from Chittur-Cochin, the place-hallowed by the memory of the Venerated Thuncheth Ezuthachen. The Management of this journal aims at making it a first class literary magazine befitting the name it bears. This joumal (annual subscription Rs. 6/-) ought to appeal to all malayalees.

ലേഡി വിദ്വാൻ
മുതുകുളം വി. പാർവ്വതിഅമ്മ, മഹിളാശ്രമം സിക്രട്ടറി,
ശിവഗിരിമഠം, വക്കല.

Camp മുതുകുളം
കീരക്കാട്ടു്
22—1—1950

*അഭിവന്ദ്യമഹാശയ! വിനീത നമസ്കാരം,*

കേരള ഭാഷാസാഹിത്യത്തിൻെറ "കുലഗുരുവും" "വാരിധി തന്നിൽ തിരമാലകളെ"ന്നപോലെ സലക്ഷണമായ പദാവലികളാൽ അദ്ധ്യാത്മപ്രദീപകങ്ങളായ അനവധി ഉൽകൃഷ്ടകാവ്യങ്ങൾ വിരചിച്ചു് കേരളീയരെ അനുഗ്രഹിച്ച കവികുലകൂടസ്ഥനുമായ "തുഞ്ചത്തെഴുത്തച്ഛനെ" മാതൃഭാഷാഭിമാനികളിൽ ആരാണു് ഭക്തിപൂർവ്വം പ്രണമിക്കാത്തതു്? ആ ദിവ്യാചാര്യൻെറ ആവിർഭാവത്തെ ആരാണു് സഹർഷം സ്വാഗതം ചെയ്യാത്തതു്? അദ്ധ്യാത്മപ്രകാശത്തിൻെറ അഭാവത്താൽ ക്ഷണപ്രഭാചഞ്ചലമായ ഭോഗങ്ങളുടെ അജ്ഞാനകാളിമയിൽ ആമഗ്നമാകാൻ ആരംഭിച്ചിരിക്കുന്ന കേരളസാഹിത്യാന്തരീക്ഷത്തിൽ ജ്യോതിർമ്മയനായ ആ പുണ്യപുരുഷൻെറ ദിവ്യോദയം ഒരു നവപ്രകാശം വീശുമെന്നുള്ളതിന്നു സംശയമില്ല. ലോകോപകാരപ്രദമായ ആ സദുദ്യമത്തിന്നു് സന്നദ്ധത പ്രദർശിപ്പിക്കുന്ന യഥാർത്ഥ സാഹിതീഭക്തരായ ഭവാദൃശർക്കു് എൻെറ ഹൃദയംഗമമായ കൂപ്പുകൈ.

Sd/-

,എക്സ്പ്രസ്സ്'' തൃശ്ശൂർ. 1950 May 20

## തുഞ്ചത്തെഴുത്തച്ഛൻ

ശ്രീ തുഞ്ചത്താചാര്യസ്വാമികളുടെ സമാധിസ്ഥലമായ ചിററൂരിൽ നിന്നു തന്നെ ആ മഹാത്മാവിൻെറ സ്മാരകമായി പ്രസിദ്ധീകരിക്കുന്ന ഈ സാഹിത്യമാസികയെ എല്ലാവരും സഹർഷം സ്വാഗതം ചെയ്യുമെന്നുള്ളതിന്നു സംശയമില്ല. പ്രശസ്ത സാഹിത്യകാരന്മാരുടെ ലേഖനങ്ങളടങ്ങിയ ഈ പ്രഥമലക്കം വളരെ ആകർഷകമായിട്ടുണ്ടു്. ഈ സഹജീവിക്കു് ഞങ്ങളുടെ ശുഭാശംസകൾ.

C. KRISHNA MOOSE, PALGHAT
Retd. District Judge 5th May 1960

I have been a subscribes of the Magazine 'Thunchat Ezuthachen' from its very commencement. I am greatly impressed with the uniformity high literary quality and great cultural and educative value of the articles published in it. Indeed the magazine fully Justifies the great name it bears and contributes in no small measure to the grouth of the chaste ond classical Malayalam literature.

V. SEKHARA MENON, B. A. B. E.
(Retd. Executive Engineer, P. W. D.

Srivatsam.
Kunnathurmedu:
West-end, Palghat P. O.
Date 7—4—1960.

I have been a subscriber of "Thunchat Ezuthachan" from the very beginning of its publication. I found the articles published therein very interesting and instructive. The competition held for students is a unique feature of this magazine and should therefore prove profitable and very encouraging to the students. Since it is run in commemoration of the memory of the great Kerala Guru, I trust and wish it would get every support from the Govt. and the Public who are interested in the development of our Malayalam literature.

S/d.

Arekketh Appukutty Menon, Palghat
Advocate Date 6—4—60

*My dear Sri P. R. Menon,*

You know I have been a subscriber to your magazine "Thuncheth Ezuthachan" from its very inception. Magazine of this sort commerating the memory of the Father of the Malayalam Language must; for that one and sole reason, lies for ever and anon, and God will certainly help it to be so!

Besides, I have always found it to contain very interesting and instructive reading; and its unique feature, essays and other competitions for students, I am sure, must have made it particularly useful to the student world. I do hope that both the public and the Government will come forward to help you more and more. I wish your magazine Good-Luck and God-speed!

# നാരായണീയം

ഏ. ആർ. മേനോൻ

## 55–ാം ദശകം

1 അഥദൃഷ്ടസരീസൃപനെപ്പുഴവി–
ട്ടകലത്തിലയപ്പതിനോർത്തു ഭവാൻ
വിഷവായുവുണക്കിയ പർണ്ണമെഴും
തടസീമ്നികദംബമണഞ്ഞു ജവാൽ

2 തളിരൊത്തമനോഹരകാന്തിയെഴും
ചരണാംബുജമൊടതതരുവിൽക്കയറി!
തിരമാലകൾ ഘോരതരംമറിയും
സലിലക്കുഴിനോക്കികുതിച്ചു ഭൃശം

3 ഭുവനത്രയഭാരമെടുപ്പൊരുനിൻ
ഘനമേററുവലഞ്ഞഥ പൊങ്ങി ജലം
ഇരുതീരമിരച്ചതിദൂരമഹോ
കരവിട്ടുകവിഞ്ഞു പരന്നൊഴുകി.

4 ജലമാകെ മറിഞ്ഞു കറങ്ങിയെഴും
നിനദശ്രവണാൽ പവനാശനനും
അതിരോഷവിനഷ്ട വിവേകനഹോ
തിരുമേനി സമീപമുയന്നു ജവാൽ

5 ബഹുപത്തികളീന്നൊരുമിച്ചുയരു
ന്നെരിതീപ്പൊരിപോലതിഘോരവിഷം
നിറയും ഫണിയെബ്ബഹുശൃംഗമെഴു
ന്നസിതാദ്രിസമംബത കണ്ടു ഭവാൻ

6 എരികൺകൾ വമിച്ചിടുമുഗ്രവിഷ-
ശ്വസനോഷ്ണിമചേർന്നപെരുംഭുജഗം
ബലിയാം തവ മേനിയിലൊന്നു കടി-
ച്ചിളകാത്ത വിധത്തിൽ വരിഞ്ഞു ബലാൽ

7 കരതന്നിലിരുന്ന സഖാക്കൾ ഭവൽ-
സ്ഥിതികണ്ടുതുമില്ല കരഞ്ഞു ഭൃശം
വ്രജവാടിയിലും ശകുനപ്പിഴ ക-
ണ്ടവരും യമുനക്കരെ ചെന്നു ദ്രുതം

8 അഥ നിൻ നിലകണ്ടവരാകെമരി–
പ്പതിനുന്നിയിരിപ്പതുകണ്ടു ഭവാൻ
ഫണിബന്ധമഴിച്ചു ചിരിച്ചു ജവാൽ
തിരമാലകൾ മേലെയുയന്നു വിഭോ

9 അഹിതന്റെ പടങ്ങളിലേറി ഭവാൻ
കളതാണ്ഡവ മാടിമനോജ്ഞപദാ
കരകങ്കണവും പദനൂപുരവും
ലളിതം മൃദുതാളമിണക്കിതദാ

10 തവതാണ്ഡവ വേളയിൽ ദേവഗണം
പവനേശ്വര! തൂകിസുമാവലിയെ
പശുവക്ഷസുഖം മുനികൾക്കമുദം,
ശമിയാഗദ മാററുക വൃഷ്ണിപതേ!

## 56-ാം ദശകം

1 സുഭഗ കുണ്ഡല മാട്ടി ഭവാൻ ചിരം
ഭുജഗ മൂർദ്ധനി താണ്ഡവ മാടവേ
സുരഗണം ദിവികൊട്ടിയ ദുന്ദുഭി–
ക്കനുസരിച്ചഥ പാടിവധൂജനം

2 പടമൊരായിമുണ്ടതിലേതുതാ–
ഴ്വതുവിട്ടുയരുന്നതിനെ ബ്ഭവാൻ
പദയുഗേന മഥിച്ചു കളിക്കയായ്
കരയുഗേന പിടിച്ചു താളവും

3 മഥനമേററമുറിഞ്ഞ പടത്തിൽ നി–
ന്നൊഴുകി ചോരചുവന്ന നദീജലം
ഫണിമയങ്ങവെ തന്നുടെ നാരിമാർ
തവപദങ്ങളിൽ വീണുവണങ്ങിനാർ

4 പലവുരുശ്രുവണേന പുരൈവനിൻ–
മഹിമ തന്നിൽ മനസ്സുലയിച്ചവർ
മുനിജനത്തിനുപോലുമശക്യമാം
സ്തവനമോതിയയന്ത്രിത! വാഴ്ത്തിനാർ

5 ഉരഗസുന്ദരിമാരുടെ ഭക്തിയാൽ
പുരുദയാകുലമാനസനാം ഭവാൻ
അഭയമേകിയഹിക്കവനപ്പോൾ നിൻ–
കഴൽപണിഞ്ഞു ശരീര സമർപ്പണാൽ

6 രമണകത്തിൽ വസിക്കുകമേലിൽ നീ
ഗരുഡനും തവഹാനിയണച്ചിടാ
ഇതുവിധം മൊഴികേട്ടഥ കാളിയൻ
സ്വജനമൊത്തു പയോനിധി പൂകിനാൻ

7 വിഷധര പ്രിയമാരുടെ കാഴ്ചയാം
മണിപതിച്ചുള്ളക്കുല മണിഞ്ഞു നീ
കരയതിൽ പ്രമദാശ്രു പൊഴിച്ചിടും
പശുപർസന്നിധി ചെന്നു ദിനാന്ത്യമെ

8 നിശിനടപ്പതിനക്ഷമരാം ഭവ-
ച്ചരണരായ ജനങ്ങളശേഷവും
സസുഖമപ്പുഴവക്കിലുറങ്ങവേ
ഗഹനവഹ്നി പിടിച്ചിതു ചുററുമേ

9 പശുപരാകെയുണർന്നതി ദീനരായ്
നിലവിളിച്ചതുകേട്ടു തദാ ഭവാൻ
തദവനായ കുടിച്ചിതു വഹ്നിയെ
സ്ഫുരമിതഗ്നിമുഖമെന്നൊരു ചിത്രമേ.

10 ശിഖിയിൽ പീതതവർണ്ണമതിങ്കലാ-
ണതിവിടെ ക്രിയതന്നിലുമുണ്ടഹോ
ഇതിമുദാ പശുപാലകർ വാഴ്ത്തിനാർ
ത്വരിതമോടു ഗൃഹങ്ങളെയോട്ടണെ

## 57-ാം ദശകം

1 ഇടയക്കുട്ടികളൊന്നി-
ച്ചൊരുനാൾ ഭവാൻ ബലഭദ്രനും കൂടി
ഭൂഷാവേഷമണിഞ്ഞോൻ
കാട്ടിലേക്കു ചെന്നു കാലി മേച്ചിടാൻ

2 സ്വച്ഛമാം വനശോഭയെ
സ്വൈരം മുസലിക്കു കാണിച്ചുകൊണ്ടു
കോലെടുത്തു ബാലരുമായ്
ക്രീഡിച്ചെത്തീ ഭാണ്ഡീരകം ഭവാൻ

3 അപ്പോളങ്ങളെക്കൊൽവാൻ
ഗോപവടിവാർന്നൊരു നിഷ്ഠുരൻ ദൈത്യൻ
പ്രലംബനാമാവെത്തീ
പ്രലംബബാഹോ! ഭവത്സമീപത്തിൽ

4 അറിഞ്ഞുമറിയാത്തവിധം
ഭവാനവനോടു സൌഹൃദം നടിച്ചു
അവിടെയൊരു മുഷ്ടിയുദ്ധം
നിശ്ചയിച്ചു. പടുതോഴരെച്ചേർത്തി

5 രണ്ടായ് ചേരിപിരിച്ചു.
മൂപ്പന്മാർ ഭവാൻ പൂർവ്വജൻതാനും
നിൻബല ഭീതൻ ദൈത്യൻ
നിൻചേരി ചേർന്നു നീ സമ്മതിച്ചു.

6 തോറേറാൽ വിജയിയെമുതുകിൽ
കേററി നടക്കെന്ന നിശ്ചയത്തിന്മേൽ
ശ്രീദാമാവിനെയങ്ങു-
ന്നെടുത്തുഭക്തദാസതവെളിവാക്കാൻ

7 ഏവംബഹുപേർ മുതുകിൽ
കേറിയും കേററിയും കളിനടക്കവേ
തോല്മപിണഞ്ഞാ ദൈത്യൻ
രാമനേയുംകൊണ്ടകന്നതേ ഭീത്യാ

8 അകലും ദൈത്യനെ നോക്കി
സ്വകീയബലം വലുതാക്കി ബലഭദ്രൻ
അസുരൻ സ്വരൂപമാർന്നു
മുസലിക്കും പേടിയായി പോലപ്പോൾ

9 ദേവാരിഗളത്തിന്മേൽ
നില്ക്കും രാമൻ നിന്മുഖംനോക്കി
നിർഭയനായ് തൻമുഷ്ട്യ
ഘതച്ചുകൊന്നു ഭൃശദുഷ്ടനെഗ്രജവാൽ

10 അസുരനെ മർദ്ദിച്ചെത്തും
ജ്യേഷ്ഠനെ ബ്ഭവാൻ പുണർന്നു വാത്സല്യാൻ
അന്നേരം ദേവഗണം
സുമാളി വർഷിച്ചുനിങ്ങൾ മൂർദ്ധാവിൽ

11 ഏവം പ്രലംബമഥനം
വിശ്വാലംബ! നടത്തി നീ സലീലം
അളിവർണ്ണ! മാരതേശ!
ക്ലേശൌഘം ഹരിക്കമൈ വൈകാതെ.

## 58-ാം ദശകം

1 സഖികളോടു കളിച്ചും ഗോപരൂപപ്രലംബ-
പ്രമഥനമതിനായും കാലമൊട്ടേറെ പോയീ
പശുഗണമതുനേരം സ്വൈരമായ്പുല്ലുതേടി-
ക്കുതുകമൊടൊരു മുഞ്ജക്കാട്ടിലെത്തീസുദൂരം

2 ദിനകരകരവീഴ്ചും തെല്ലുമേല്ക്കാത്ത വൃന്ദാ-
വനമതിനു പുറത്തേക്കെത്തിയാധേനുവൃന്ദം
വെയിലിലധികദാഹം, നിൻവിയോഗാർത്തി, പിന്നെ-
ത്തരളതയിവമൂലം സ്തംഭമാർന്നു തദാനീം.

3 വഴിപിശകിയിഷീകക്കാട്ടിലെത്തിക്കുഴങ്ങും
പശുനിരയെ തിരഞ്ഞു തോഴരൊത്തങ്ങുദൂരം
ഒടുവിലവയെ വീക്ഷിച്ചോടുവാൻ നീ ഗമിക്കെ-
ദ്ദവദഹനനഹോതദ്ദേശമെങ്ങും പടർന്നു

4 അതിഭയദനിനാദത്തോടു ചുററും ജ്വലിക്കും
ശിഖിയിൽ വഴിയടഞ്ഞു സർവ്വരും പാതിവെന്തു
വൃജിനഹര! മുരാരേ! പാഹിപാഹീതിനിന്നെ
ശ്ശരണമുപഗമിച്ചാരേവരും ലോകബന്ധോ!

5 മതിമതിഭയമേതും വേണ്ട കൺമൂടുകെന്നാ-
തിരുമൊഴിയതുകേട്ടാ സർവ്വരും കണ്ണടച്ചു
ജ്വലനനെവിടെ, മുഞ്ജക്കാടുമെങ്ങോ, തദാനീം
പശുപശുപരുമെല്ലാമുണ്ടു ഭാണ്ഡീരദേശേ

6 ജയജയഭഗവാനേ! നിന്റെയീമായയെന്തോ-
ന്നഖിലരുമുരചെയ്തു ബ്ഭാവഹാസം നടിച്ചു്
പശുനിരകളെമേച്ചു പാതിരിപ്പൂക്കൾകൊണ്ടേ
ഋതുവിനെയറിയാവൂ തത്ര കാന്താരമധ്യേ.

7 ഭവതി വിമുഖരെപ്പോൽ താപമേററം വഹിച്ചും
ഭജനമതുകണക്കെച്ചിത്തപങ്കം തുടച്ചും
കരസമമുരുതേജഃ പൂരമെങ്ങും പരത്തും
ഋതുവിനെ നദിവക്കിൽ സ്വൈരമായ് നീ നയിച്ചു.

8 തവസുഭഗതനു ശ്രീ തുല്യമാം കാന്തിയൊത്തും
പരമവിമല വിദ്യുത് പീതവസ്ത്രം ധരിച്ചും

കരിമുകിൽ ജനതക്കാനന്ദമേകുന്ന വർഷം
ഗിരിയുടെ ഗുഹപൂകി സ്വൈരമായ് നീ കഴിച്ചു.

9 ഗുഹകളിൽ സുഖവാസം ചെയ്തിടും നിന്നെയപ്പോൾ
പലവിധമുപചാരം ചെയ്തു ഗോവർദ്ധനാദ്രി
മയിൽനിരയുടെ കേകാരാവമാം സ്തോത്രമോതീ
വികസിതകുടജാളിപ്പൂക്കളാൽ പൂജചെയ്തു

10 തവഭജനപരന്മാർ മാനസംപോൽ വിശുദ്ധം
സലിലമൊടഥ വൃന്ദാരണ്യമെത്തീ ശരത്തും
ഋതുവിനെബഹുമാനിച്ചാദരാൽ മാടുമേയ്ക്കു-
ന്നനിലപുരപതേ! നീ ദേഹസൌഖ്യം തരേണം

## 59_ാം ദശകം

1 മോദരൂപമഥസച്ചിദാത്മകം
ബ്രഹ്മമാം തവ സുരമ്യവിഗ്രഹം
രംഗവർദ്ധനമശേഷമോഹനം
കണ്ടുമോഹിതകളായി ഗോപിമാർ

2 മാരപീഡിത മനസ്സൊടെപ്പൊഴും
നിന്നെനോക്കുമെവിടുന്നുമായവർ
കാലിമേച്ചതിനഹർമ്മുഖത്തിൽനീ
പോവതും ബതസഹിച്ചിടാതെയായ്

3 നീ ഗമിക്കെയിമയററു നോക്കുമീ
ചഞ്ചലാക്ഷികൾ വിലീനമാനസർ
ദ്ദൂരെനിന്നു തവവേണുകേൾക്കവേ
നിൻെറ ലീലകൾ കഥിച്ചു വാഴുമേ

4 കാട്ടിലെത്തി തണലുററ രമ്യമാം
ശാഖിതന്നടിയിൽനിന്നു നീമുദാ
കാൽ പിണച്ചു മൃദുഹാസമിട്ടഹോ
ബ്രഹ്മഗാനമണയിച്ചു വേണുവിൽ

5 ദേവനാരികൾ ചലിച്ചു കാമനാൽ
നിശ്ചലം മൃഗവിഹംഗസഞ്ചയം
കല്ലുപോലുമലിയുന്നു നിൻെറയീ
വേണുഗാനമതുകേൾക്കവേ വിഭോ!

# ‘മനുഷ്യത്വത്തിന്റെ മഹത്വം’

ആത്മാരാമൻ കടമ്പാനൽ

ജഗന്നിയന്താവായ ഈശ്വരന്റെ സൃഷ്ടികളിൽവച്ച് സർവ്വോൽകൃഷ്ടമായ സ്ഥാനം മാനവസൃഷ്ടിക്കാണ് അഥവാ മനുഷ്യനാണ്. കോടാനുകോടി ക്ഷുദ്രജീവികളിൽക്കൂടി ക്രമേണ വികാസംപ്രാപിച്ച്, അവസാനമുണ്ടായതാണ് മനുഷ്യജന്മമെന്ന് വികാസവാദികളായ പാശ്ചാത്യപണ്ഡിതന്മാർ പറയുന്നു. ഇതിന്റെയർത്ഥം, ജീവരാശികളിൽ വെച്ച് ബുദ്ധികൊണ്ടും, വിവേകംകൊണ്ടും, കർമ്മകുശലതകൊണ്ടും, കാര്യപ്രാപ്തികൊണ്ടും, എന്നുവേണ്ട, എല്ലാംകൊണ്ടും മനുഷ്യൻതന്നെയാണ് സർവ്വശ്രേഷ്ഠമായ ജീവിയെന്നത്രെ. ആധുനിക ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ജീവന്റെ വികാസം

---

6 വേണുരന്ധ്രമതിലൂടെ കൈവിരൽ
നീങ്ങവെ ചരണമുണ്ടുതാളമായ്
ഈവിധം നിലമനസ്സിലോർത്തഹോ!
ഗോപിമാരുടെ മനംമയങ്ങയായ്

7 ശങ്കയെന്നിയെ ഭവാനെ വീക്ഷചെ-
യ്തപ്സരസ്സുകൾ മൃഗങ്ങൾ പക്ഷികൾ
നിൻപദാംബുജമണിയും വനാന്തവും
ധന്യരെന്നവർ നിനച്ചിതാദരാൽ

8 “വേണുവുണ്ടതിന്നശേഷമുള്ള ബിം-
ബാധരാമൃതമൊരിക്കലുണ്ണുവാൻ
എപ്പൊഴാകു, മതിമോഹമല്ലയോ,
ദൂരെയാണ്” ഫലമെന്നു കേണുപോൽ

9 പഞ്ചസായകനനുഗ്രഹിച്ചൊരീ
ഗോപികാമണികളന്വഹം പുനഃ
നിന്നിൽ വെച്ചദൃഢരാഗമൂലമായ്
കൃത്യമൂഢതയിവർക്കു വന്നുപോൽ

10 രാഗം പ്രാണികൾക്കൊക്കെയുണ്ടാം സ്വഭാവാൽ
മോക്ഷോപായം രണ്ടുമാവാം പ്രയത്നാൽ
ഒന്നായിട്ടീരണ്ടുമുണ്ടായി ഗോപി-
ക്കോർത്താൽ ഭാഗ്യംതന്നെ വാതേശ! പാഹി.

— * —

പരമോച്ചാവസ്ഥയിലെത്തുന്നതു് മനുഷ്യജന്മത്തിലാണെന്നാണു്. എന്നാൽ, അവിടെനിന്നും അതിനു് വീണ്ടും വികസിക്കാൻ സാധിക്കുമോ, സാധിക്കുമെങ്കിൽ അതെവിടംവരെ സാധിക്കും, ഈ വക വിഷയങ്ങളെ സംബന്ധിച്ചു് അവരിന്നും ശരിയായ ഒരു നിഗമനത്തിൽ എത്തിച്ചേൎന്നിട്ടില്ലെന്നുതന്നെ പറയാം. മററു സൃഷ്ടികളെ അപേക്ഷിച്ചു് ഏററവും സൎവ്വഗുണസമ്പന്നമാണു് മാനവസൃഷ്ടിയെന്നു് നമ്മുടെ ഭാരതീയാചാര്യന്മാർ കണ്ടുപിടിച്ചുകഴിഞ്ഞിട്ടു് എത്രയോ സഹസ്രാബ്ദങ്ങളാം തന്നെ കഴിഞ്ഞിരിക്കുന്നു. ഇതുസംബന്ധിച്ചു് ഭാഗവതത്തിൽ ഒരു പദ്യമുണ്ടു്:—

സൃഷ്ട്വാപുരാണി വിവിധാന്യജയാത്മശക്ത്യാ
വൃക്ഷാൻ സരീസൃപപശൂൻ ഖഗദംശമത്സ്യാൻ
തൈസ്തൈരതുഷ്ടഹൃദയഃ പുരുഷം വിധായ
ബ്രഹ്മാവലോകധിഷണം മുദമാപദേവഃ

ഭഗവാൻ സ്വന്തം മായാശക്തിയാൽ, വൃക്ഷലതാദികളേയും, പക്ഷിമൃഗാദികളേയും, പലവിധ ഇഴജന്തുക്കളേയും, ജലജന്തുക്കളേയും സൃഷ്ടിച്ചു. പക്ഷെ, അതുകൊണ്ടൊന്നും അദ്ദേഹത്തിനു് സന്തോഷമുണ്ടായില്ല. അങ്ങിനെ അസംതൃപ്തനായിത്തീൎന്ന അദ്ദേഹം അവസാനം സ്വാന്തഃസുഖത്തിനുവേണ്ടി മനുഷ്യനെ സൃഷ്ടിച്ചു് ആത്മസംതൃപ്തി നേടിയെന്നു് താല്പര്യം. ഈ പദ്യത്തിൽ മനുഷ്യനെ "ബ്രഹ്മാവലോകധിഷണം" എന്നു് വിശേഷിപ്പിച്ചിരിക്കുന്നതിൽ നിന്നും മനുഷ്യന്റെ മഹത്വം അഥവാ മനുഷ്യജന്മത്തിന്റെ ശ്രൈഷ്ഠ്യം നമുക്കേതാണ്ടൊന്നു് മനസ്സിലാക്കാവുന്നതാണു്. പരബ്രഹ്മത്തെപ്പോലും സാക്ഷാൽകരിക്കത്തക്ക ഒരു മേധാശക്തി മനുഷ്യനിൽ അന്തർലീനമായിട്ടുണ്ടെന്നാണു് പ്രസ്തുത വിശേഷണംകൊണ്ടു് പ്രസ്പഷ്ടമാകുന്നതു്. മനുഷ്യനെ മൃഗങ്ങളിൽനിന്നും വേർതിരിക്കുന്ന ഒരു വിശേഷണമാണിതു്.

മനുഷ്യൻ ഈശ്വരന്റെ സൎവ്വശ്രേഷ്ഠകലാസൃഷ്ടിയാണെന്നും, മനുഷ്യധൎമ്മത്തേക്കാൾ, മനുഷ്യത്വത്തേക്കാൾ, ശ്രേഷ്ഠമായി ഈ ലോകത്തിൽ യാതൊന്നും തന്നെയില്ലെന്നും മഹാഭാരതത്തിലും പ്രതിപാദിക്കുന്നുണ്ടു്.

ഇനി ചിന്തിക്കേണ്ടതു് മനുഷ്യധൎമ്മം, അഥവാ മനുഷ്യത്വം എന്നു പറഞ്ഞാലെന്തു്? എന്തുകൊണ്ടാണു് മനുഷ്യൻ വിശ്വത്തിനലങ്കാരമായി, ലോകോത്തരസൃഷ്ടിയായി വിരാജിക്കുന്നതു്? മനുഷ്യനെ മഹത്വപൂർണ്ണമാക്കുന്ന ആ ദിവ്യശക്തിയെന്തു്? ഈവക വിഷയങ്ങളെ സംബന്ധിച്ചാണു്. ഇതിനെല്ലാംകൂടി ഒററ വാക്കിൽ ഒരുത്തരം പറയാൻ സാധിക്കുമെങ്കിൽ, അതു മനുഷ്യനിൽ അടങ്ങിയിരിക്കുന്ന "പ്രേമം" (സ്നേഹം) എന്നാണു്. പ്രേമംകൊണ്ടു മാത്രമാണു് മനുഷ്യൻ മനുഷ്യനായിരിക്കുന്നതു്. അവനെ മനുഷ്യത്വത്തിൽനിന്നു ദേവത്വത്തിലേക്കുയൎത്തുന്നതും പ്രേമംതന്നെയാണു്. പ്രേമത്തിന്റെ അഭാവത്തിൽ മനുഷ്യൻ മനുഷ്യനല്ല; അസുരനാണു്; രാക്ഷ

സനാണു്. ഒരുവനെ മനുഷ്യനെന്നോ, അസുരനെന്നോ പറയേണ്ടതു ഈ പ്രേമത്തെ ആധാരമാക്കിയാണു്. അസുരൻ പ്രേമരഹിതമായ ക്രൂരജീവിയാണെങ്കിൽ, മനുഷ്യൻ പ്രേമസമ്പന്നമായ ശാന്ത ജന്തുവത്രെ. ഈ പ്രേമഭാവത്തെ അടിസ്ഥാനമാക്കിക്കൊണ്ടു വേണം; മനുഷ്യനെ അളക്കാൻ. ആത്മാർത്ഥമായ പ്രേമമാണു് മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തിനു നിദാനമെന്നു സാരം. മനുഷ്യൻ തന്റെ സഹോദരീസഹോദരന്മാരേയും, കുടുംബാംഗങ്ങളേയും, ബന്ധുക്കളേയും, ഭാര്യാപുത്രാദികളേയും, എന്നല്ല, സമസൃഷ്ടങ്ങളായ മനുഷ്യരാശിയേയും സ്നേഹിക്കുന്നില്ലെങ്കിൽ അവൻ മനുഷ്യനല്ല; അസുരനാണു്.

ഇന്നു ലോകസമാധാനത്തിനു ഏററവുമധികം ആവശ്യമായിരിക്കുന്നതു് പ്രസ്തുത പ്രേമം ഒന്നു മാത്രമാണു്. വിശാലവും വിശുദ്ധവുമായ ആ പ്രേമത്തിന്റെ അഭാവമാണു്, ഇന്നത്തെ സകലവിധ കുഴപ്പങ്ങൾക്കും വിഷമതകൾക്കും മൂലകാരണം. ഇന്നു മനുഷ്യനു് ഏററവും വലിയ ശത്രു മനുഷ്യൻതന്നെയാണു്. സ്വാർത്ഥതകൊണ്ടു്, ഇന്നു മനുഷ്യൻ അനേകം മാരകായുധങ്ങൾ കണ്ടുപിടിച്ചു മാനവലോകത്തെതന്നെ നശിപ്പിക്കാനൊരുമ്പെട്ടിരിക്കയാണു്. അതിന്റെ ഫലമായി ഇന്നു എവിടേയും ദാരിദ്ര്യവും, ദുരിതവും ദുഃഖവുംതന്നെ. മനുഷ്യത്വംതന്നെ മരവിച്ചിരിക്കയാണു്, അതിന്റെ പരിശുദ്ധിതന്നെ അസ്തമിച്ചിരിക്കയാണു്. ഏതൊന്നിനെ നമുക്കു നിർമ്മിക്കാൻ കഴിയുന്നില്ലയോ, അതിനെ ഒരിക്കലും നശിപ്പിക്കരുതു്. ജീവനെ കൊടുക്കാൻ ആർക്കും സാധിക്കുന്നതല്ല. അതു സർവ്വശക്തനായ ഈശ്വരനു് മാത്രമേ സാധിക്കു. അങ്ങിനെയുള്ള ജീവനെ നശിപ്പിക്കുന്നതിനുള്ള പ്രവണത അങ്ങേയററത്തെ അനീതിയാണു്; അധിക്ഷേപാർഹമാണു്; മനുഷ്യത്വവും മര്യാദയുമില്ലാത്തതിന്റെ മൂർത്തീകരണമാണു്. മനുഷ്യത്വത്തിന്റെ ഈ അഭാവമാണു് സകലവിധ സമരങ്ങൾക്കും, സംഘർഷങ്ങൾക്കും, സംഹാരങ്ങൾക്കും ഏക കാരണം.

“ആത്മവൽ സർവ്വഭൂതേഷു”, എന്ന അതിവിശാലമായ ആദർശമാണു്, ഭാരതീയസംസ്കാരത്തിന്റെ ജീവനാഡി, തന്നെപ്പോലെതന്നെ സർവ്വജീവികളേയും കരുതുക. മനസാ വാചാ കർമ്മണാ യാതൊരു ജീവിയേയും ഉപദ്രവിക്കുകയോ ഹിംസിക്കുകയോ ചെയ്യരുതു്; ഇതാണു് സനാതനധർമ്മത്തിന്റെ സന്ദേശം. ധർമ്മാനുസൃതമല്ലാതെ മനുഷ്യത്വത്തിന്റെ വികാസം സാദ്ധ്യമല്ല. മനുഷ്യൻ പൂർണ്ണനാകണമെങ്കിൽ, യഥാർത്ഥമനുഷ്യനാകണമെങ്കിൽ ധാർമ്മികതത്വങ്ങൾ അംഗീകരിക്കുകയും, അനുസരിക്കുകയും, അനുവർത്തിക്കുകയും വേണം. ധാർമ്മികമര്യാദകളെ അവഹേളിക്കുകയും, അവഗണിക്കുകയും ചെയ്യുകയെന്നതിന്റെയർത്ഥം സ്വയം ആപത്തുകളെ വിളിച്ചുവരുത്തുകയെന്നതാണു്. സ്വതന്ത്രഭാരതത്തിന്റെ ഇന്നത്തെ അവസ്ഥ അതിനൊന്നാന്തരം ദൃഷ്ടാന്തവുമാകുന്നു. “മതേതരരാഷ്ട്ര”മെന്ന മയക്കുവിദ്യകൊണ്ടു് മനുഷ്യരെ

സ്വധർമ്മത്തിൽനിന്നു വ്യതിചലിപ്പിച്ചതിന്റെ ഫലം ഭാരതത്തിൽ ഇന്നു അടിക്കടി അനുഭവപ്പെടുന്നുണ്ടു്. മതം ഒരു മയക്കമരുന്നാണെന്നു പറയാറുണ്ടെങ്കിലും, അതു മതേതരത്തേക്കാൾ തുലോം ശ്രേഷ്ഠംതന്നെയാകുന്നു. മതചാരമായ ധർമ്മത്തെ ഭയന്നു മനുഷ്യൻ തന്റെ കർത്തവ്യത്തിൽനിന്നു വ്യതിചലിക്കാതിരിക്കുമെന്നതാണു, മതത്തിന്റെ ഗുണം. ഇന്നു മതത്തെ ഇല്ലായ്മ ചെയ്തു തൽസ്ഥാനത്തു ഭാരതത്തിൽ സൃഷ്ടിച്ചിരിക്കുന്നതു മതത്തേക്കാൾ മാറ്റിത്തമേറിയ പാർട്ടികളെയാണു്. മനുഷ്യത്വവും മര്യാദയും തൊട്ടുതെറിച്ചിട്ടില്ലാത്ത പാർട്ടി ഭ്രാന്തന്മാർ സ്വന്തം പാർട്ടിക്കുവേണ്ടി എന്തും ചെയ്യാൻ മടികൂടാതെ പരക്കംപായുന്ന ഒരു പൈശാചിക പരിതഃസ്ഥിതിയല്ലേ ഇന്നു ഭാരതത്തിൽ കണ്ടുവരുന്നതു്? പട്ടികളെപ്പോലെ പരസ്പരം കടിപിടി കൂട്ടുന്ന രാഷ്ട്രീയപാർട്ടികളെ കണ്ടാൽ അവ മതത്തേക്കാൾ മാദകസ്വഭാവമുള്ളവയാണെന്നു ആർക്കാണറിയാൻ കഴിയാത്തതു്? ആർഷഭാരതത്തെ സംബന്ധിക്കുന്നിടത്തോളം, അതിന്റെ ആദ്ധ്യാത്മികസംസ്കാരത്തെ സംബന്ധിച്ചിടത്തോളം ഇതിലധികം ഒരധഃപതനം എന്താണുണ്ടാവുക? ഇതിനെല്ലാം മൂലകാരണം, മതധർമ്മാദികളിലുള്ള അശ്രദ്ധയും, അവജ്ഞയും, വിശ്വാസമില്ലായ്മയുമാണു്. അതുകൊണ്ടു് നാം മനുഷ്യരാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മനുഷ്യോചിതമായി ശാന്തവും സമാധാനവുമായി ജീവിക്കാൻ വിചാരിക്കുന്നുവെങ്കിൽ, നമുക്കു് ധർമ്മത്തിൽ (മതത്തിൽ) പരിപൂർണ്ണശ്രദ്ധയും, ഈശ്വരനിൽ സുദൃഢവിശ്വാസവും, കർത്തവ്യത്തിൽ നിതാന്തനിഷ്ഠയും, ജീവജാലങ്ങളിലെല്ലാം ആത്മാർത്ഥമായ സഹാനുഭൂതിയും ഉണ്ടായിരിക്കണം. ആപത്തിലകപ്പെട്ടു് നട്ടംതിരിയുന്നവർക്കു് തന്നാൽ കഴിയുന്ന സഹായം ചെയ്യാതെ, അന്യരുടെ ദുഃഖത്തിൽ അലിവു തോന്നാതെ, അതൊന്നും കണ്ടില്ലെന്നുവെച്ചു്, സ്വന്തം സുഖത്തിനു് വേണ്ടി മാത്രം ജീവിക്കുന്നവന്റെ ജീവിതം നികൃഷ്ടവും നിഷ്ഫലവുമാകുന്നു. അന്യന്മാർക്കു് കഴിയുന്നത്ര ഉപകാരം ചെയ്തുകൊണ്ടും, സമസൃഷ്ടങ്ങളെ സ്നേഹിച്ചുകൊണ്ടും, സമുദായത്തെ നിസ്വാർത്ഥമായി സേവിച്ചുകൊണ്ടും ശരിയായ മനുഷ്യത്വത്തെ അനുവർത്തിച്ചുകൊണ്ടുമുള്ള ജീവിതമാണു് യഥാർത്ഥമായ മാനുജീവിതം. "പരോപകാരാർത്ഥമിദം ശരീരം", ഈ ശരീരം—മനുഷ്യജന്മം—തന്നെ പരന്മാർക്കു് ഉപകാരം ചെയ്യുന്നതിനുവേണ്ടി സിദ്ധിച്ചതാണു്, അതിനെ ദുരുപയോഗപ്പെടുത്തി എത്രമാത്രം സ്വാർത്ഥമയമാക്കുന്നുവോ അത്രയും അതു് മൃഗീയമായിത്തീരുന്നതാണു്.

ഭഗവൽപ്രാപ്തിക്കുവേണ്ടി, ഈശ്വരസാക്ഷാൽക്കാരത്തിനുവേണ്ടി, നിരന്തരം പരിശ്രമിക്കുന്നതിലാണു്, മനുഷ്യന്റെ ജന്മം സഫലമാകുന്നതു്. അതുകൊണ്ടാണു്, ശ്രീമദ് ഭാഗവതത്തിൽ "ബ്രഹ്മാവലോകധിഷണം" എന്നു് മനുഷ്യജന്മത്തെ വിശേഷിപ്പിച്ചിരിക്കുന്നതു്. സാക്ഷാൽ പരബ്രഹ്മപരമേശ്വരനെ സാക്ഷാൽക്കരിക്കാൻ പര്യാപ്തമായ ഒരു ബുദ്ധിവിശേഷം മനുഷ്യനുമാത്രമേയുള്ളു; ഇതാണു് മനുഷ്യജന്മത്തിന്റെ വൈശിഷ്ട്യം. അങ്ങിനെയുള്ള മനുഷ്യജന്മം സിദ്ധിക്കുന്നതുതന്നെ അനേകായിരം ജന്മങ്ങൾക്കുശേ

ഷമാണ്. അതും അനിത്യമാണ്; മൃത്യു അതിനെ സദാ പിൻതുടർന്നുകൊണ്ടിരിക്കയുമാണ്. പക്ഷെ, അതിനൊരു പ്രത്യേകതയുണ്ട്; അതായതു് മനുഷ്യജന്മം "അർത്ഥദ"മാണ്, പരമപുരുഷാർത്ഥത്തെ സാധിക്കുന്നതിനുള്ള ഒരു സാധനമാണ്. മററു ജന്മങ്ങളിലൊന്നിലും ഭഗവൽ പ്രാപ്തി അത്രക്ക് സുലഭമല്ല. അതുകൊണ്ട് അനിത്യമാണെങ്കിലും "അർത്ഥദ"മാകയാൽ "ശരീരമാദ്യം ഖലു ധർമ്മസാധനം" എന്ന് നമ്മുടെ ആചാര്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മനുഷ്യജന്മത്തിൻെറ ലക്ഷ്യം—നമ്മുടെ ജീവിതോദ്ദേശ്യം—ഭഗവൽപ്രാപ്തിയാണ്. അതിനാൽ നമ്മുടെ സകലപ്രവൃത്തികളും പ്രസ്തുത ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിനുള്ളവയായിരിക്കണം. നിഷ്പ്രപഞ്ചബ്രഹ്മത്തെ പ്രാപിക്കാൻ ഈ പ്രപഞ്ചത്തിലിരുന്നുകൊണ്ടുതന്നെ സാധിക്കും, സാധിക്കണം. വിഷയഭോഗങ്ങളുമല്ല, മനുഷ്യജന്മത്തിൻെറയുദ്ദേശ്യം; അതു് മററു യോനികളിലും അനുഭവിക്കാവുന്നവയത്രെ. അപ്പോൾ ജീവിതം വിഷയാദികൾക്കുമാത്രം വിനിയോഗിക്കുന്നതായാൽ, മനുഷ്യജീവിതത്തിൻെറ വൈശിഷ്ട്യമെന്താണ്? മരണത്തിൻെറ പിടിയിൽപ്പെട്ടു പിടക്കുമ്പോൾ, ഈശ്വരനല്ലാതെ മററയാതൊരു ശരണവുമില്ലെന്ന്, നാം നല്ലവണ്ണമോർത്തിരിക്കേണ്ടതാണ്!

പയ്യീച്ച, പൂച്ച, പുലി, ഞണ്ട്, എലി, വണ്ടു, പച്ച-
പയ്യെന്നതൊട്ടു പലമാതിരിയായ ജന്മം
പയ്യെക്കഴിച്ചു പുനരീപുരുഷാകൃതിത്വം
കയ്യിൽക്കിടച്ചവർ കളഞ്ഞു കളിച്ചിടൊല്ലേ!!

എന്ന് ശീവൊള്ളി പാടിയതു് മനുഷ്യക്കൊരു താക്കീതാണ്. അദ്ദേഹം വീണ്ടും നമ്മെ ഓർമ്മിപ്പിക്കുകയാണ്:—

ഇന്നുണ്ടു ജോലി, ഭഗവൽസ്മൃതി നാളെയാവാ-
മെന്നോർത്തുപോകരുതു മാനുഷനായ് പിറന്നാൽ
എന്നോ നമുക്കു മരണം ബത! വന്നുപോയാൽ
പിന്നെപ്പിറക്കുവതു മേതൊരു ജന്തുവായോ.

അതുകൊണ്ട് മനുഷ്യജന്മം ഏററവും മഹത്തായ ഒന്നാണ്. സർവ്വശ്രേഷ്ഠമായ അതിനെ ഒരിക്കലും ദുരുപയോഗപ്പെടുത്താതെ പരസ്പരം സ്നേഹത്തോടും, സൌഹാർദ്ദത്തോടും കൂടി ജീവിക്കുകയും, നിരന്തരം ഈശ്വരനെ സ്മരിക്കുകയും, അവനവൻെറ കർത്തവ്യത്തെ ഈശ്വരാർപ്പണബുദ്ധ്യാ ആത്മാർത്ഥമായി ചെയ്യുകയും വേണം. അങ്ങിനെ മഹത്തായ മനുഷ്യത്വത്തെ ദേവത്വത്തിലേക്കുയർത്താൻ എപ്പോഴും പരിശ്രമിക്കുക. അതിലാണ് മനുഷ്യജന്മത്തിൻെറ മഹത്വവും, സാഫല്യവും സ്ഥിതിചെയ്യുന്നതു്. (ശ്രീകൃഷ്ണാർപ്പണമസ്തു)

(കല്യാൺ വായിച്ചിട്ട്)

# കാവ്യാംഗങ്ങൾ

കെ. എം. നായർ

സാഹിത്യകലയുടെ ആവിർഭാവം മുതൽ ഇന്നേവരെ അതിൻെറ നാനാവശങ്ങളേയുമെടുത്തു് പണ്ഡിതന്മാർ സമഗ്രമായി അപഗ്രഥിച്ചിട്ടുണ്ടു്; നിരൂപണങ്ങളും വിമർശനങ്ങളും നടത്തിയിട്ടുണ്ടു്; കാവ്യത്തിൻെറ ഉല്പത്തിയേയും അതിൻെറ അന്തഃസത്തയേയും കുറിച്ചു് വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ടു്; ഏററവുമധികം അതിൻെറ പ്രയോജനത്തെപ്പററി തൎക്കിച്ചിട്ടുണ്ടു്. ചിലൎക്കു്, കാവ്യത്തിൻെറ ഉദ്ദേശം കൃത്യാകൃത്യവിവേകബോധോദയം നല്കലാണു്, മററു ചിലൎക്കു്, സദാചാരബോധം ഉളവാക്കലത്രെ, വേറെ ഒരു കൂട്ടരുണ്ടു്; അവൎക്കു് ഉല്കൃഷ്ടസംസ്കാരപ്രദാനമാണു് കാവ്യത്തിൻെറ ലക്ഷ്യം. എല്ലാം ശരിതന്നെ. പക്ഷെ ഇതൊക്കെയെടുത്തു് പരിചിന്തനം ചെയ്തുനോക്കുക. "കാവ്യത്തിൻെറ ഉദ്ദേശം ആനന്ദം" "കാവ്യത്തിൻെറ പരമപ്രയോജനം ആനന്ദം" എന്ന പ്രാചീന സംസ്കൃതാലംകാരികന്മാരുടെ മതത്തിലായിരിക്കും ചെന്നുമുട്ടുക. ജീവിതത്തിൻെറ ലക്ഷ്യമെന്തു്? ആനന്ദം എങ്കിൽ ആ ആനന്ദത്തിൻെറ ഉപാധികളാണു് കൃത്യാകൃത്യ വിവേകബോധവും, സദാചാരവും, സംസ്കാരവും മററും മററും. ബ്രഹ്മാനന്ദസദൃശവും അനിർവചനീയവുമായ ആനന്ദാനുഭൂതിയുണ്ടാക്കലാണു് കാവ്യത്തിൻെറ കൃത്യമെങ്കിൽ അത്തരം കൃതികൾ നിർമ്മിക്കുക എന്ന കാര്യം വളരെ എളുപ്പമല്ലെന്ന വസ്തുത നമുക്കേവൎക്കുമറിയാം. ആ ആനന്ദം കുടികൊള്ളുന്നതോ കാവ്യത്തിൻെറ ആത്മാവായ വ്യംഗ്യത്തിലാണു്. വ്യംഗ്യം ചൈതന്യോജ്ജ്വലവും രസനിർഭരവുമാകണമെങ്കിൽ ഏററവും അധികം മനസ്സിലാക്കിയിരിക്കേണ്ടതു് കാവ്യംഗങ്ങളെക്കുറിച്ചാണു്. എത്ര പ്രതിഭാസമ്പന്നനായാലും അവയെക്കുറിച്ചു് അജ്ഞനായാൽ കാവ്യനിർമ്മാണത്തിൽ പരാജിതനായി പിന്മാറേണ്ടിവരും. രചന എത്ര മനോഹരമായിരുന്നാലും ആത്മാവു് ദുർബ്ബലമായിട്ടെന്തുകാൎയ്യം? ബാഹ്യമോടിയിലല്ല അന്തഃസത്തയിലാണു് കാവ്യത്തിൻെറ മേന്മ നില്ക്കുന്നതു്. കേവലം താല്ക്കാലികമായ ഒരാനന്ദം—സംഗീതത്തെപ്പോലെ—പ്രദാനം ചെയ്യലല്ല കാവ്യത്തിൻെറ ഉദ്ദേശം. "സംഗീതമപി സാഹിത്യം സരസ്വത്യാ സ്തനദ്വയം, ഏകമാപാതമധുരം അന്യദാലോചനാമൃതം" എന്ന തത്വത്തിൽ നിന്നു് ഇതു് ഏറെക്കുറെ വ്യക്തമാകുന്നുണ്ടല്ലോ.

ഏതൊക്കെയാണു് കാവ്യാംഗങ്ങൾ? "ലോകോ വിദ്യാ പ്രകീർണ്ണം ച കാവ്യാംഗാനി" ലോകം, വിദ്യ, പ്രകീർണ്ണം 'ഇവയാണു് കാവ്യാംഗങ്ങൾ. ഇതിൽ ഏതെങ്കിലും അംഗത്തിൻേറയോ ഉപാംഗത്തിൻേറയോ അഭാവത്തിൽ കാവ്യം വിരൂപമായിത്തീരുന്നു; മാത്രമല്ല, അതിൻെറ ആത്മാവു് അമ്പേ ദുർബ്ബലമായിത്തീരുകയും ആനന്ദപ്രദാനത്തിന്നു് ശേഷിയില്ലാതെ അവ

സ്ഥാനം നശിച്ചുപോകുകയും ചെയ്യുന്നു. നേരെ മറിച്ചായാൽ എന്നെന്നും രമണീയമായിത്തന്നെ പ്രകാശിക്കുകയും ശാശ്വതമായ നിർവൃതിയെ പ്രദാനം ചെയ്തുകൊണ്ടു് നിലനില്ക്കുകയും ചെയ്യും. ഇവയെയാണു് ശാശ്വതമൂല്യങ്ങൾ ഉൾക്കൊണ്ട ഉത്തമകൃതികളായി മഹാന്മാർ അംഗീകരിച്ചിട്ടുള്ളതു്. "ചിത്രാണ്യേവ കാവ്യാനി, ചിത്രാ ഏവ കവയ:" എന്നതിന്റെ പൊരുൾ ഈ കാവ്യാംഗനിരൂപണത്തിൽ ഒളിഞ്ഞുകിടപ്പുണ്ടു്. പ്രതിഭയുള്ളവരെല്ലാം കവിയാവില്ല. അവരുടെ കൃതികളെല്ലാം ലോകത്തിന്നു് വെളിച്ചം നൽകാൻ പര്യാപ്തങ്ങളുമാവില്ല. എല്ലാ വിജ്ഞാനശാഖകളിലും പരിപൂർണ്ണമായ വിജ്ഞാനം നേടിയാലെ പ്രതിഭാസമ്പന്നതയിൽ നിന്നു് ഉത്തമകാവ്യാമൃതം നിർഗ്ഗളിക്കുകയുള്ളൂ.

സംസ്കൃതാലങ്കാരികന്മാരിൽ അഗ്രഗണ്യനായ വാമനാചാര്യർ പ്രതിഭയെ കാവ്യാംഗങ്ങളിൽ പ്രഥമപ്രധാനമായി ഗണിക്കുന്നില്ല. കാരണം ഏതെങ്കിലും തരത്തിലുള്ള ഒരു പ്രതിഭ—ഭാവനാശക്തി അല്ലെങ്കിൽ വാസന—മിക്കവെക്കും ഉണ്ടായിരിക്കും. കവിത്വബീജമായ പ്രതിഭ ഇതരശാസ്ത്രാദികളുടെ വിജ്ഞാനത്തിന്റെ അഭാവത്തിൽ അങ്കുരിച്ചാലും ശുഷ്കിച്ചുപോകുകയേയുള്ളൂ. സാധാരണ ബീജത്തിന്നു് മുളച്ചു് തഴച്ചു് വളരുവാൻ കാറ്റു്, വായു, വെള്ളം, വെളിച്ചം മുതലായവയുടെ സഹായമുണ്ടെങ്കിലേ കഴിയൂ. അപ്രകാരം വാസനാശക്തിയിൽ ഒളിഞ്ഞുകിടക്കുന്ന കാവ്യാങ്കുരത്തിന്നും തഴച്ചുവളരുവാൻ സർവ്വശാസ്ത്രനൈപുണ്യവും, സകല കലാവല്ലഭത്വവും അവശ്യം ആവശ്യമാണു്. വളരാൻ കഴിയാത്ത പ്രതിഭയെ ഒരിക്കലും കാവ്യത്തിന്റെ ഉല്പത്തിക്കു് ഹേതുവായി ഗണിച്ചുകൂട. നേരെമറിച്ചു് ശാസ്ത്രാദികളുടെ വെളിച്ചത്തിൽ വികസിക്കുന്ന ശക്തിയാണു് സർവ്വോൽകൃഷ്ടമായ കാവ്യോല്പത്തിയുടെ കാരണം. അവിടെ നിന്നല്ലാതെ കാവ്യം ഉത്ഭവിക്കുകയില്ല. കേവലപ്രതിഭയിൽനിന്നു് ബഹിർഗ്ഗമിക്കുന്ന വാക്കുകളുടെ താളലയക്രമത്തിലുള്ള സമൂഹത്തിന്നു് കാവ്യമെന്നു് പറയാൻ നിർവ്വാഹമില്ല. അതാണു് ശക്തിക്കു് വാമനാചാര്യർ പ്രാഥമ്യം നല്കാഞ്ഞതു്.

ലോകം:—കാവ്യാംഗങ്ങളിൽ ആദ്യത്തേതു് ലോകമാണല്ലോ. എന്താണു് ലോകം? ലോകവൃത്തം തന്നെ. കവിത്വമിച്ഛിക്കുന്നവൻ നിരന്തരം ലോകത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കണം. എന്നാൽ മാത്രമേ സ്ഥാവരജംഗമങ്ങളായ ഓരോ വസ്തുവിന്റേയും സൂക്ഷ്മസ്വഭാവപഠനത്തിന്നു് കഴിയൂ. കവി പരമാണുമുതൽ ബൃഹത്തായ പ്രപഞ്ചംവരെ അപഗ്രഥിക്കണം, സത്യാന്വേഷണതല്പരനായിരിക്കണം. തന്റെ സൂക്ഷ്മാവലോകയത്തിന്നു് പാത്രീഭവിക്കാത്ത യാതൊന്നും ഈ ലോകത്തിലുണ്ടായിക്കൂടാ.

വിദ്യ:- വ്യാകരണം, അഭിധാനകോശം, വൃത്തശാസ്ത്രം, കലകൾ, കാമശാസ്ത്രം, ദണ്ഡനീതി മുതലായവയിൽ പരിജ്ഞാനം നേടലാണു് വിദ്യ. വ്യാകരണജ്ഞാനം സുബദ്ധങ്ങളും അബദ്ധങ്ങളുമായ പദങ്ങളെ വേർതിരി

ച്ചറിയാനുള്ള കഴിവുണ്ടാക്കുന്നു. ഒരൊററ അബദ്ധപദപ്രയോഗം നിമിത്തം ചിലപ്പോൾ കാവ്യമാകെ ദുഷ്ടമായിത്തീരാം. അഭിധാനകോശം ഹൃദിസ്ഥമാക്കുന്നതിൻെറ ഉദ്ദേശം പദാൎത്ഥനിശ്ചയം ചെയ്യുന്നതിനത്രെ. ഒരു വസ്തുവിന്നു് അനേകം പൎയ്യായങ്ങളുണ്ടായിരിക്കും. അവയിൽ രചനാപ്രവേശയോഗ്യങ്ങളായ പദങ്ങളെ തിരഞ്ഞെടുക്കാൻ അഭിധാനകോശത്തിൻെറ മില്ലെങ്കിൽ സാദ്ധ്യമല്ല. സഹായമല്ല വൃത്തശാസ്ത്രപഠനമാകട്ടെ കവിതാരചനക്കു് അത്യന്താപേക്ഷിതമാണു്. അതിൽ നൈപുണ്യമില്ലാത്തപക്ഷം താളാദികൾ പിഴച്ചു രചന വളരെ വിരൂപമായിത്തീരും. കലാശാസ്ത്രപാടവം ഉത്തമകലയായ കവിതയെ കൂടുതൽ നിറം പിടിപ്പിക്കുന്നു. സ്ത്രീപുരുഷന്മാരുടെ ഭാവഭേദാദികൾ ഗ്രഹിക്കാൻ കാമശാസ്ത്രവും, രാജ്യതന്ത്രമറിയാൻ ദണ്ഡനീതിയും പഠിച്ചിരിക്കണം. കാലികമൂല്യങ്ങളെ അമ്പേ വിസ്മരിച്ചു് ശാശ്വതമൂല്യങ്ങളെ മാത്രം അധാരമാക്കിയുള്ള കാവ്യനിൎമ്മാണം തെററാണെന്നാണു് വിദ്യ പഠിപ്പിക്കുന്നതു് കവിത സമുദായത്തിൻെറ ജീവിതത്തിൻെറ ദൎപ്പണമായിരിക്കണം. അതേ സമയത്തുതന്നെ ആത്മാവിൽ ആത്മാവിനെ കാണാനുള്ള ഭൂതക്കണ്ണാടിയുമായിരിക്കണം. ഇതിന്നു് വിദ്യ കൂടാതെ സാദ്ധ്യമല്ല.

പ്രകീൎണ്ണം:— ലക്ഷ്യജ്ഞത്വം, അഭിയോഗം, വൃദ്ധസേവ, അവേക്ഷണം, പ്രതിഭാനം, അവധാനം ഇവയാണു് പ്രകീൎണ്ണം. ലക്ഷ്യജ്ഞത്വമെന്നു പറയുന്നതു് കാവ്യപരിചയമാണു്. കാവ്യം എഴുതാൻ തുടങ്ങുന്നതിന്നു മുമ്പു് ധാരാളം ഉത്തമകാവ്യങ്ങളുമായി പരിചയിക്കണം. കഴിയുമെങ്കിൽ അവ ഹൃദിസ്ഥങ്ങളാക്കിയാൽ കൂടുതൽ നന്നായിരിക്കും. അപ്പോഴേ കാവ്യബന്ധനത്തിൽ വ്യുല്പത്തിയുണ്ടാകൂ. അഭിയോഗം എന്നു പറയുന്നതാകട്ടെ കാവ്യബന്ധോദ്യമംതന്നെ. കാവ്യനിൎമ്മാണത്തിൽ പടുക്കളും തല്പരരുമായ പണ്ഡിതവരന്മാരുടെ കീഴിൽ നിരന്തരം അഭ്യസിച്ചുകൊണ്ടും അവരുടെ ഉപദേശങ്ങൾ അക്ഷരംപ്രതി അനുഷ്ഠിച്ചുകൊണ്ടുമിരിക്കുന്നതിനെയാണു് വൃദ്ധസേവയെന്നു് വിളിക്കുന്നതു്. വൃദ്ധസേവനിമിത്തം ശിഷ്യനിലേക്കു് കാവ്യം തനിയെ സംക്രമിച്ചുകൊള്ളും പദങ്ങളുടെ ആധാനോദ്ധരണങ്ങളാണു് അവേക്ഷണം. താഴെ പറയുന്ന കാരികകളിൽനിന്നു് ഇതു് കൂടുതൽ വ്യക്തമാവും.

“ആധാനോദ്ധരണേ താവദ്യാവദ്ദോളായതേ മനഃ
പദസ്യ സ്ഥാപിതേ സ്ഥൈൎയ്യേ ഹന്ത! സിദ്ധാ സരസ്വതീ;
യത്പദാനി ത്യജന്ത്യേവ പരിവൃത്തിസഹിഷ്ണുതാം
തം ശബ്ദന്യാസനിഷ്ണാതാഃ ശബ്ദപാകം പ്രചക്ഷതേ.

പ്രതിഭാനം കവിത്വബീജംതന്നെ. ഇതിനെപ്പററി മുമ്പു് വിവരിച്ചുവല്ലോ. പിന്നെ അവധാനമാണു് ചിത്തൈകാഗ്ര്യമാണു്. അവധാധം സമുചിതമായ ദേശത്തേയും കാലത്തേയും തിരഞ്ഞെടുത്തു് അവധാനം നേടാൻ ശ്രമിക്കണം.

# സുന്ദരമൂർത്തിനായനാർ

ചേരമാൻപെരുമാൾ നായനാരുടെ ഉററ തോഴനായിരുന്ന സുന്ദരമൂർത്തിനായനാർ പൂർവ്വജന്മത്തിൽ "ആലാലസുന്ദരം" എന്ന പേരോടുകൂടി ശ്രീകൈലാസത്തിൽ പരമശിവൻെറ സ്തുതിപാഠകന്മാരിൽ ഒരുവനായിരുന്നു. "തിരുതൊണ്ടത്തു് കൈപാടി ശൈവമാഹാത്മ്യത്തെ ഭൂലോകത്തു് പ്രചുരപ്രചാരപ്പെടുത്തണം. അതിന്നു് പ്രാപ്തൻ ആലാലസുന്ദരമാണു്." ശ്രീകൈലാസപതി ഇപ്രകാരം ചിന്തിച്ചു് ഭക്തനായ ആലാലസുന്ദരത്തെ ഭൂലോകത്തേക്കയക്കുവാൻ ഒരു കാരണവും കാത്തിരുന്നു.

ഒരു ദിവസം ഭഗവൽപൂജക്കുവേണ്ട പുഷ്പം ശേഖരിപ്പാനായി ആലാലസുന്ദരം കൈലാസശിഖരിയിലുള്ള നന്ദവനത്തിലേക്കു് പോയി. അപ്പോൾ അവിടെ "അനിന്ദിത" എന്നും "കമലിനി" എന്നും പേരുള്ള രണ്ടു് കന്യകമാർ പുഷ്പം പറിച്ചുകൊണ്ടു് നില്ക്കുന്നതു കണ്ടു. അവർ രണ്ടുപേരും ശ്രീപാർവ്വതീദേവിയുടെ സ്തുതിപാഠകകളാണു്. ദേവിയെ അർച്ചിക്കുവാനായിക്കൊണ്ടു്, അവരും പൂവ്വറുക്കുകയായിരുന്നു. ഭഗവാൻെറ മായാവിലാസംകൊണ്ടു് ഈ കന്യകമാരെ കണ്ടമാത്രയിൽ ആലാലസുന്ദരത്തിൻെറ മനസ്സ് അവരുടെ സൌന്ദര്യധോരണിയിലും അംഗവിലാസത്തിലും ലയിച്ചു; അദ്ദേഹം അനംഗനു് അടിമയായിത്തീർന്നു. കാമകോമളനായ ഒരു യുവാവിനെ ഏകാന്തമായ ആ പുഷ്പവാടിയിൽവെച്ചു് കണ്ടപ്പോൾ നവോഢകളായ ആ കന്യകമാരുടെ മനസ്സും വല്ലാതെ ഇളകിവശായി തിങ്ങിപ്പൊങ്ങി കലങ്ങി പെരുകിവന്ന അനുരാഗത്തെ അവർ ഹൃദയതടത്തിൽതന്നെ ഒതുക്കിനിർത്തി. അവർ പുഷ്പങ്ങളും കൊണ്ടു് അവരുടെ വസതികളിലേക്കു് തിരിച്ചു.

ആലാലസുന്ദരം പുഷ്പവുംകൊണ്ടു് ഭഗവൽസന്നിധാനത്തെ പ്രാപിച്ചു. തൻെറ ഭക്തനെ ഭൂലോകത്തേക്കയച്ചു് അഭീഷ്ടം സാധിപ്പിക്കേണ്ടതിന്നു് ഭഗവാനു് ഒരു കാരണം കിട്ടി. ആലാലസുന്ദരത്തെ നോക്കി ശിവൻ ഇപ്രകാരം അരുളിച്ചെയ്തു.

"ആലാലസുന്ദരം! നിൻെറ പരിശുദ്ധമായ മനസ്സിൽ കഠിനമായ കാമവികാരം പിടിപെട്ടു് മലിനപ്പെട്ടിരിക്കുന്നതായി ഞാൻ മനസ്സിലാക്കി

---

കാവ്യാംഗങ്ങളെ ശരിക്കു മനസ്സിലാക്കി അവയിൽ വൈദഗ്ദ്ധ്യം നേടിയാൽ പ്രതിഭാസമ്പന്നതയിൽനിന്നു് സർവ്വോൽകൃഷ്ടകലയായ കവിത നിർഗ്ഗളിക്കുന്നു അതാകട്ടെ ലോകത്തെ ആനന്ദത്തിലാറാടിച്ചു് യാഥാർത്ഥ്യത്തിലേക്കു് നയിക്കുന്നു. അപ്പോൾ ലോകം സർവ്വഥാ മുക്തമായി ഭവിക്കുന്നു.

ഇത്തരം വികാരത്തോടുകൂടിയവൎക്കു് ഇവിടെ സ്ഥാനമില്ല. അവർ ഭൂലോകത്തു ചെന്നു് ജനിക്കേണ്ടവരാണു് അതിനാൽ നീ ഭൂലോകത്തു ചെന്നു് മനുഷ്യനായി പിറന്നു് യഥേഷ്ടം കാമസുഖമനുഭവിച്ചു് തൃപ്തനായശേഷം ഇങ്ങോട്ടു വരിക.”

കോപാവേശം തീരെ ഇല്ലാതെ മന്ദഹാസവദനനായിരിക്കുന്ന തന്റെ സ്വാമിയുടെ തിരുമുഖത്തിൽനിന്നും ആകസ്മികമായി ഇപ്രകാരം ഒരു കല്പന പുറപ്പെട്ടതിൽ ആലാലസുന്ദരം അത്ഭുതപ്പെട്ടു. അദ്ദേഹം ഭഗവൽ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു.

“ഭഗവാനെ! ഭക്തവത്സലാ, അങ്ങയുടെ ആജ്ഞയെ അടിയൻ ശിരസാ വഹിക്കുന്നു. അടിയൻ ഭൂലോകത്തു ചെന്നു നരജന്മം എടുത്തുകൊള്ളാം. കരുണാനിധേ! കരകാണാത്ത സംസാരസമുദ്രത്തിൽ നിമഗ്നനായി ഉഴലുവാനിടവരുത്തരുതേ! തത്സമയത്തു അവിടുന്നെഴുന്നെള്ളി അടിയനെ രക്ഷിക്കണേ” എന്നിപ്രകാരം പ്രാൎത്ഥിച്ചു. അപ്രകാരം ഭഗവാൻ വരവും കൊടുത്തു.

ആലാലസുന്ദരം ദ്രാവിഡദേശത്തിന്റെ നടുനാടായ “തിരുമുനൈപ്പാടി”നാട്ടിൽ തിരുവാലൂരിൽ ഒരു പുരാതന ശൈവകുടുംബത്തിൽ “ചടയനാർ” എന്ന ഭക്തന്റെ പുത്രനായി ജനിച്ചു. ചടയനാരുടെ പത്നിയുടെ നാമധേയം “ഇശൈജ്ഞാനിയാർ” എന്നായിരുന്നു. മാതാപിതാക്കന്മാർ ശിശുവിന്നു “ആരൂർ” എന്ന പേരിട്ടു. ബാലനായ ആരൂരൻ സമപ്രായക്കാരായ ബാലകന്മാരുമായി തെരുവിൽ ചെന്നിരുന്നു ക്രീഡിക്കുക പതിവായിരുന്നു.

ഒരു ദിവസം ആ രാജ്യത്തെ രാജാവായ “നരസിംഹമുനയരയർ” ആരൂരും ബാലകന്മാരുമിരുന്നു കളിക്കുന്ന തെരുവിൽകൂടി എഴുന്നെള്ളി. രാജാവു ബാലനായ ആരൂരനെ കണ്ടു. ആ കോമളബാലന്റെ ആകാരസൗന്ദൎയ്യവും അംഗസൌർഷ്ഠവവും രാജാവിനെ ഹഠാദാകർഷിച്ചു. അദ്ദേഹത്തിന്നു ആ ശിശുവിനോടു എന്തെന്നില്ലാത്ത വാത്സല്യം ജനിച്ചു. ക്ഷണനേരംപോലും ആ കുട്ടിയെ പിരിയുവാൻ രാജാവിനു സാധിച്ചില്ല. അദ്ദേഹം ആ കുട്ടിയുടെ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞു് മാതാപിതാക്കന്മാരെ ചെന്നുകണ്ടു. തനിക്കു ആ ഓമന സന്താനത്തോടു തോന്നിയ വാത്സല്യത്തെ അറിയിച്ചു് സ്വന്തം പുത്രനെപ്പോലെ വളൎത്തുവാനായി ആ കുട്ടിയെ തന്നോടൊപ്പം അരമനയിലേക്കയച്ചുതരേണമെന്നപേക്ഷിച്ചു. അപ്രകാരം അവർ ശിശുവിനെ രാജാവോടൊപ്പം അരമനയ്ക്കു യാത്രയാക്കി. ബാലനായ തമ്പി ആരൂരർ അരമനയിൽ രാജഭോഗങ്ങളനുഭവിച്ചു ആനന്ദചിത്തനായി വാണു. ബാലന്റെ സൌന്ദൎയ്യം കണ്ടു അവനെ രാജാവു എല്ലാവരും സുന്ദരമൂൎത്തിയെന്നും വിളിച്ചു.

അനിന്ദിതയും കമലിനിയും പുഷ്പവുംകൊണ്ടു ശ്രീപാർവ്വതീദേവിയുടെ അരികെചെന്നു. അവരുടെ ഇടറിയവാക്കും പതറിയനോക്കും കണ്ടു ദേവി വിസ്മയിച്ചു. തൽക്ഷണം അംബികയ്ക്കു സംഗതി മുഴുവൻ മനസ്സിലായി. പ്രാണനാഥനായ ഭഗവാന്റെ ലീലയിൽ ദേവി ആനന്ദം പൂണ്ടതേയുള്ളു. അനന്തരം ദേവി ആ രണ്ടു സ്തുതിപാഠകകളോടും പുഞ്ചിരിതൂകി ഇപ്രകാരം അരുളിച്ചെയ്തു.

“നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ പരിശുദ്ധമായ മനസ്സ് ആലാലസുന്ദരത്തിന്റെ ദർശനമാത്രയിൽ കാമവികാരത്താൽ അത്യന്തം മലിനപ്പെട്ടുപോയിരിക്കുന്നുവെന്ന് ഞാനറിഞ്ഞു. ആലാലസുന്ദരം ഭൂലോകത്ത് മനുഷ്യനായി ജനിച്ചിട്ടുണ്ട്. നിങ്ങളും അങ്ങോട്ടുചെല്ലുവിൻ. മനുഷ്യാകൃതികൈക്കൊണ്ട് ജനിച്ച് അവനെ വിവാഹം ചെയ്ത് ചിരകാലം കാമസുഖം യഥേഷ്ടം അനുഭവിച്ച് തൃപ്തിപ്പെട്ടശേഷം ഇങ്ങോട്ട് വന്നാൽ മതി.”

ഇപ്രകാരം ശ്രീ പാർവ്വതീദേവി ആജ്ഞാപിച്ചതുകേട്ട് അവരിരുവരും ഭൂലോകം പ്രാപിച്ചു. “കമലിനി” തിരുവാരൂരിൽ വാത്മീകനാഥസ്വാമിക്ഷേത്രത്തിന് സമീപം ഒരു കുടുംബത്തിൽ “പറവൈ” എന്ന പേരോടുകൂടിയ കന്യകയായി ജനിച്ചു. തിരുവൊററിയൂർ എന്ന സ്ഥലത്ത് “ഞായരുകിഴാർ” എന്ന പേരുള്ള ഒരു വെള്ളാളന്റെ പുത്രിയായി “സങ്കലിയാർ” എന്ന നാമധേയത്തിൽ അനിന്ദിതയും ജനിച്ചു.

അരമനയിൽ വളർന്നുവന്ന നമ്പിയാരൂരന് വിവാഹത്തിനുള്ള കാലമായി. പുത്രന് അനുരൂപയായ ഒരു കന്യകയെ പിതാവ് പല ദിക്കുകളിലും അന്വേഷിച്ചു. ഒടുവിൽ പുത്തൂരിൽ ശാങ്കവി ശിവാചാര്യർ എന്നാളുടെ മകൾ എല്ലാംകൊണ്ടും അനുരൂപയാണെന്നറിഞ്ഞ് അവളുടെ മാതാപിതാക്കന്മാരെ കണ്ട് വേളിനിശ്ചയിച്ചു മുഹൂർത്തവും കുറിച്ച് വിവരം രാജാവിനെ അറിയിച്ചു. അതുകേട്ട് രാജാവ് വളരെ സന്തോഷിച്ചു.

കല്യാണദിവസമായി. വരനും, രാജാവും മററുള്ളവരും എല്ലാം പുറപ്പെട്ടു കല്യാണവീട്ടിലെത്തി പന്തലിൽ ഇരുന്നു. അപ്പോഴേക്കും തോളിൽ മാറാപ്പുംതൂക്കി വടിയുംകുത്തി ഒരു വൃദ്ധബ്രാഹ്മണൻ വന്നുകേറി “വരട്ടെ, വരട്ടെ, കല്യാണത്തിനു വരട്ടെ. എനിക്കും അവനും തമ്മിൽ ഒരു വഴക്കുണ്ട്. അത് തീർത്തശേഷമേ കല്യാണത്തിന് പാടുള്ളു.” എന്നിങ്ങനെ ഉറക്കെ വിളിച്ചുപറഞ്ഞുംകൊണ്ടാണ് വൃദ്ധബ്രാഹ്മണൻ വന്നത്. ഇതുകേട്ട് എല്ലാവരും വിസ്മയിച്ചു. വഴക്കുതീർത്തശേഷം കല്യാണം നടത്താമെന്ന് നിശ്ചയിച്ച് സദസ്യർ ആ ബ്രാഹ്മണനോട് വഴക്കിന്റെ വിവരങ്ങൾ ചോദിച്ചു.

“ഇവൻ എന്റെ അടിമ. എന്റെ ഗൃഹത്തിൽ പണിയെടുക്കേണ്ടവൻ അതിനാൽ ഇവന് കല്യാണം പാടില്ല. എന്നോടൊപ്പം വന്ന് എന്റെ

ഗൃഹത്തിൽ വേലചെയ്യണം” ബ്രാഹ്മണൻ ഇപ്രകാരം പറഞ്ഞതുകേട്ട് നമ്പിയാരൂരർ “എടാ പിത്താ” (ഭ്രാന്താ) എന്ന് പറഞ്ഞ് ചിരിച്ചതേയുള്ളു.

വൃദ്ധ:— ചിരിക്കേണ്ട. സത്യമാണ്. നിന്റെ അച്ഛൻ എഴുതിതന്ന ഓല എന്റെ കയ്യിലുണ്ട്. ആ അടിമകരാർ വായിച്ചുനോക്കിയാലറിയാം” എന്നുപറഞ്ഞ് ഭാണ്ഡത്തിൽനിന്ന് ഒരു ഓല എടുത്ത് ആരൂരാർവശം കൊടുത്തു.

ഓലവായിച്ചുനോക്കിയപ്പോൾ ബ്രാഹ്മണൻ പറഞ്ഞതു വാസ്തവമാണെന്നു മനസ്സിലായി ആരൂരാർ ഓലയെ ആ ക്ഷണത്തിൽ ചീന്തികളഞ്ഞു. ഇതു കണ്ടപ്പോൾ വൃദ്ധൻ തിരക്കുകൂട്ടി. തമ്പിയാരൂരൻ ഓലകിഴിച്ചതു കണ്ടപ്പോൾ വൃദ്ധൻ പറഞ്ഞതു ശരിയായിരിക്കും എന്നു സദസ്യർ അഭിപ്രായപ്പെട്ടു.

ആദിശൈവൻ ശ്രീ പരമശിവനല്ലാതെ ഒരിക്കലും ഞാൻ ആർക്കും അടിമയാകയില്ല. ഈ ഓല ഒരു പകർപ്പാണ്. അതു ഞാൻ വിശ്വസിക്കയില്ല. അതിന്റെ അസ്സൽ പ്രമാണം ഉണ്ടെങ്കിൽ കാണട്ടെ. എന്നാൽ വിശ്വസിക്കാം.” എന്നിങ്ങനെ നമ്പിയാരൂരരും ശഠിച്ചു.

ഇതു കേട്ടു വൃദ്ധബ്രാഹ്മണൻ ചിരിച്ചു പറഞ്ഞു. “നിന്റെ ചാപല്യം ഞാൻ മുമ്പേ കണ്ടറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടുതന്നെയാണ് പകർപ്പു തന്നതു്. ഇതാ നിന്റെ അച്ഛനും മുത്തച്ഛനും എഴുതീട്ടുള്ള അസ്സൽ കരാർ” എന്നു പറഞ്ഞു വേറെ ചില ഓലകൾ എടുത്തു സദസ്യരിൽ ചിലരുടെ കയ്യിൽ കൊടുത്തു.

“അരുമറൈ നാവൽ ആദിശൈവൻ ആരൂരൻ ചെയ്കൈ
പെരുമുനിപ്പെണ്ണെയ് നല്ലൂർ പിത്തനുക്ക്’യാനും എമ്പാൽ
വരുമുറൈ മറപുളോരും വഴിത്തൊണ്ടു ചെയ്യക്ക് ഓലൈ
ഇരുമയാലെഴുതിനേർന്തേൻ ഇതക്കു ഇവൈയെൻ എഴുത്ത്”

സാരം:— “നാവൽ എന്ന ഊരിലെ ആദിശൈവ കുടുംബത്തിൽ പിറന്ന ആരൂരർ വെണ്ണെയ്നല്ലൂർ പിത്തനുക്ക് ഞാനും എല്ലാവരും അടിമ. ഇപ്രകാരം ഞാൻ എഴുതിയതു്.”

അവിടെ കൂടിയിരുന്നവർ എല്ലാം ആ ഓല വായിച്ചു. അതിൽ യാതൊരു കൃത്രിമവുമില്ല. അതിൽ സാക്ഷികളായി ഒപ്പിട്ടിട്ടുള്ളവർ പലരും ആ സദസ്സിലുണ്ടായിരുന്നു. അവരും സമ്മതിച്ചു. ഗത്യന്തരമില്ലെന്നു കണ്ടു തമ്പി ആരൂരർ ആ വൃദ്ധബ്രാഹ്മണന്റെ അടിമയായി, കല്യാണം വേണ്ടെന്നു വെച്ചു.

“അനന്തരം സദസ്യർ ആ വൃദ്ധബ്രഹ്മണനോടു ഇപ്രകാരം ചോദിച്ചു. “ഹേ! ബ്രാഹ്മണ! അങ്ങയുടെ ഭവനം നാവലൂരിലാണെന്നു ഈ ഓലയിൽ

കാണുന്നു. ഞങ്ങളും നാവല്ലൂർക്കാരാണ്. അങ്ങയുടെ ഭവനം ഏതാണ്, എവിടെയാണ്, കാണിച്ചുതരാമോ?"

എൻെറ ഭവനം നിങ്ങൾക്കാർക്കും അറിവില്ലെങ്കിൽ എൻെറകൂടെ വന്നാൽ ഞാൻ കാണിച്ചുതരാം" എന്നു പറഞ്ഞു. അപ്രകാരം എല്ലാവരും ആ വൃദ്ധബ്രാഹ്മണനെ അനുഗമിച്ചു—അദ്ദേഹം അവരെല്ലാവരേയുംകൂട്ടി "തിരുവാരം ഉറൈ" എന്ന ശൈവക്ഷേത്രത്തിലേക്ക് പോയി. അതിന്നുമുമ്പിൽവെച്ച് എല്ലാവരും കാൺകെ ആ വൃദ്ധൻ മറഞ്ഞു.

ഈ അത്യത്ഭുതസംഭവം കണ്ട് എല്ലാവരും വല്ലാതെ പരിഭ്രമിച്ചു. വൃദ്ധബ്രാഹ്മണവേഷം പൂണ്ടുവന്ന് കല്യാണത്തെ മുടക്കിയത് പരമശിവൻ തന്നെ എന്ന് അവൎക്കെല്ലാം ബോദ്ധ്യമായി. ഭഗവാൻെറ ലീലാവിലാസം കണ്ട് ആനന്ദപരവശരായ അവർ ക്ഷേത്രത്തിൽ പ്രവേശിച്ചു അനവധി ദിവ്യങ്ങളായ സ്തോത്രങ്ങൾ ചൊല്ലി ഭഗവാനെ സ്തുതിച്ചു. ഉടനെ ശ്രീകോവിലിനകത്തുനിന്ന് ഇപ്രകാരം ഒരശരീരി ഉണ്ടായി.

"ആരൂരാൻ! നീ കൈലാസത്തിൽ എൻെറ സ്തുതിപാഠകനായിരുന്ന കാലത്ത് സ്ത്രീജിതനായി കാണപ്പെട്ടുവല്ലോ. നിന്നെ മനുഷ്യനായി ഭൂമിയിൽ ചെന്ന് ജനിക്കുവാൻ ഞാൻ കല്പിച്ചപ്പോൾ നീ എന്നോട് പ്രാൎത്ഥിച്ചപ്രകാരം സംസാരസാഗരത്തിൽ നിന്നും രക്ഷിക്കുവാൻ വേണ്ടി ഞാൻ വന്നതാണ്. നിൻെറ അപേക്ഷയെ സാധിപ്പിച്ചു" ഇപ്രകാരം ഭഗവാൻെറ തിരുവചനം കേട്ടപ്പോൾ പശുവിൻെറ ശബ്ദംകേട്ട പശുക്കിടാവിനെപ്പോലെ നമ്പിയാരൂരർ കരറി ഓടി ഭഗവാനെ ദണ്ഡനമസ്കാരം ചെയ്ത് പലവിധങ്ങളായ സ്തോത്രങ്ങൾ പാടി.

ശിവൻ:—ആരൂരാ! നല്ലത്. ഇപ്രകാരംതന്നെ പാട്ടുകൾ പാടി നാടെല്ലാം ചുററിസഞ്ചരിച്ച് എന്നെ സ്തോത്രം ചെയ്യുക. ആയത് എനിക്ക് അത്യന്തം പ്രീതികരമായിട്ടുള്ളതാകുന്നു.

നമ്പിയാരൂരർ:—ഭക്തവത്സലാ. അവിവേകിയായ ഞാൻ എന്തുപാടട്ടെ! എങ്ങിനെ പാടട്ടെ!

ശിവൻ:—കല്യാണമണ്ഡപത്തിൽ വെച്ച് എന്നെ നീ ആദ്യം വിളിച്ചു "പിത്താ" എന്ന പദംകൊണ്ടാരംഭിച്ച് പാടുക. അതാണെനിക്കിഷ്ടം" എന്നരുളിയതുകേട്ട് ആരൂരർ ഇപ്രകാരം പാടി.

"പിത്താപിറൈചൂടി പെരുമാനെ അരുളാളാ-
എത്താൽ മറവാതേ നിനക്കിൻറേൻ മനത്തുന്നൈ
വൈയ്ത്തായ് പെണ്ണൈതെൻപാൽ വെണ്ണെയ് നൽലൂർ അരുൾതുറയു
അത്താ ഉനക്കാളായ്യിനി അല്ലേൻ എനലാമെ"

സാരം:— "പിത്താ (ഭ്രാന്താ) ചന്ദ്രനെ ധരിച്ച ഭഗവാനേ! ദയാലോ. നിന്നെ ഒരു കാലവും ഞാൻ മറക്കയില്ല; എപ്പോഴും മനസ്സിൽ നിനക്കുന്നു. വെണ്ണനല്ലൂർ ഉരിന്നു തെക്കുഭാഗത്തുള്ള പെണ്ണാർ നദീതീരത്തുള്ള അരുറം തുറയൂർ ക്ഷേത്രത്തിലിരുന്നരുളുന്ന ഭഗവാനേ! ഞാൻ നിന്റെ അടിമ. ഇനി അല്ല എന്നെന്തുപറഞ്ഞാലും വിരോധമില്ല."

ഇപ്രകാരം പത്തു് പാട്ടുകൾ പാടി ഭഗവാനെ സ്തുതിച്ചു. ഇതുകേട്ടു് അത്യന്തം സന്തുഷ്ടനായ ഭഗവാൻ നമ്പിആരൂരാരോടു് അപ്രകാരം ഭഗവദ് മഹിമയെ പുകഴ്ത്തിപാടി ലോകമെങ്ങും ചുററിസഞ്ചരിക്കുക എന്നാജ്ഞാപിച്ചു.

നമ്പിആരൂരാർക്കു് കല്യാണത്തിനു് നിശ്ചയിച്ച കന്യക ഭഗവാനെ ഭജിച്ചുകൊണ്ടു് കൈലാസം പ്രാപിച്ചു.

നമ്പിആരൂരാർ മടങ്ങി തിരുവാലൂരിലെത്തി തേവാരം പാടി ഭഗവാനെ സ്തുതിച്ചു. അനന്തരം അദ്ദേഹം നാടുതോറും ചുററി ശിവക്ഷേത്രങ്ങളിൽ ചെന്നു് ഭഗവാനെ തേവാരം പാടി സ്തോത്രംചെയ്തു. ഒരിക്കൽ ചിദംബരത്തേക്കു് പുറപ്പെട്ടു വഴിയിൽ തിരുനാവുക്കരശു നായനാർ ഇരുന്നു ഭജനം ചെയ്തതായ "തിരുവതികൈ" എന്ന സ്ഥലത്തെത്തി. തിരുനാവുക്കരശുനായനാർ ആദികാലത്തു് ശൈവമതത്തിൽ വിശ്വാസമില്ലാതെ ബുദ്ധമതമവലംബിച്ചു് വീണ്ടും ശൈവമതത്തിലേക്കു് വന്ന ആളായതുകൊണ്ടു് ആ മഹാൻ അധിവസിച്ച സ്ഥലത്തെ അശുദ്ധമായി കരുതി സുന്ദരമൂർത്തി അവിടെ പ്രവേശിപ്പാൻ മടിച്ചു. രാത്രിയായപ്പോൾ അദ്ദേഹം അതിന്നുസമീപത്തു് ഒരു വീട്ടിൽ കയറികിടന്നു. കുറെ കഴിഞ്ഞപ്പോൾ തന്റെ തലയിൽ ആരുടേയോ പാദം കൊണ്ടതുപോലെ തോന്നി. നോക്കിയപ്പോൾ തലയ്ക്കൽ ഒരു വൃദ്ധൻ കിടക്കുന്നതുകണ്ടു. ആയാളുടെ പാദമാണു് തട്ടിയതു്. നമ്പിആരൂരാർ തലതിരിച്ചുകിടന്നു. വീണ്ടും പാദംതട്ടി. ഇങ്ങനെ എവിടെ തലവെച്ചാലും അവിടെയെല്ലാം ഈ വൃദ്ധന്റെ പാദം തട്ടിയിരുന്നു. ഒടുവിൽ നമ്പിയാരൂരാർ "നീ ആർ?" എന്നു ചോദിച്ചപ്പോൾ ആ വൃദ്ധൻ "എന്നെ ഇനിയും മനസ്സിലായില്ലേ" എന്നു പറഞ്ഞു് ആകാശത്തേക്കു് പൊങ്ങി. ഇതുകണ്ടപ്പോൾ നമ്പിആരൂരർക്കു് സംഗതി മനസ്സിലായി. പിറേറദിവസം തിരുവതികൈയിൽകൂടിതന്നെ കടന്നുപോയി ചിതംബരത്തെത്തി ഏതാനും ദിവസം ശ്രീ ചിദംബരേശനെ ദിവ്യങ്ങളായ തേവാരങ്ങൾ പാടി സ്തുതിച്ചു. ഒരു ദിവസം നമ്പിയാരൂരർക്കു് തിരുവാലൂക്കു് പോകുവാൻ ശ്രീ ചിദംബരേശന്റെ ദർശനമുണ്ടായി. ഉടനെ അദ്ദേഹം തിരുവാരൂർക്കു് പുറപ്പെട്ടു. ചീയ്യാഴി എന്ന പുണ്യസ്ഥലം ചിദംബരത്തുനിന്നു് തിരുവാരൂർക്കുള്ള വഴിമദ്ധ്യത്തിലാണു് സ്ഥിതിചെയ്യുന്നതു്. ഭക്താഗ്രഗണ്യനായ തിരുജ്ഞാനസംബന്ധർ ഇരുന്നു് ഭജിച്ചതു് ചിയ്യാഴിയിലായിരുന്നു. ജ്ഞാനസംബന്ധർ ഇരുന്നരുളിയ സ്ഥലം അത്യന്തം പരിപാവനമായിട്ടുള്ളതാണെന്നു്

പറഞ്ഞു് നമ്പിആരൂരർ ആ പ്രദേശം കാൽകൊണ്ടു് ചവിട്ടാതെ അതിനെ പ്രദക്ഷിണമായി ചുററിസഞ്ചരിച്ചാണു് തിരുവാരൂക്കു് പോയതു്.

ശ്രീ പാൎവ്വതീദേവിയുടെ സ്തുതിപാഠകിയായ കമലിനീദേവി തിരുവാരൂരിൽ “പറവൈ” എന്ന പേരിൽ ജനിച്ചിട്ടുണ്ടല്ലോ. അവൾ യൌവ്വനത്തെ പ്രാപിച്ചു. ഇനി അവളെ നമ്പിആരൂരരായി കൂട്ടിയിണക്കേണ്ടതു് ഭഗവാൻെറ കൎത്തവ്യമാണു്. “പറവൈ”യുടെ ഗൃഹം ക്ഷേത്രത്തിനു് സമീപമാണല്ലോ സ്ഥിതിചെയ്തതു്. അതിനാൽ ദിവസവും ആ കന്യക ക്ഷേത്രത്തിൽ വന്നു് ദേവനെ ദൎശനംചെയ്തു വന്ദിച്ചു് പോയിരുന്നു.

ഭക്തനായ നമ്പി ആരൂരർ തിരുവാരൂരിലെത്തിയാൽ അദ്ദേഹത്തെ എതിരേററു ഉചിതമായ സല്ക്കാരങ്ങൾകൊണ്ടു സന്തുഷ്ടനാക്കേണമെന്നു ആ ക്ഷേത്രത്തിലുണ്ടായിരുന്ന ഭക്തന്മാരോടെല്ലാം ഭഗവാൻ സ്വപ്നത്തിൽ ആജ്ഞാപിച്ചിരുന്നു. അപ്രകാരം അവരെല്ലാം ഭക്തോത്തമനായ ആരൂരരുടെ വരവിനെ പ്രതീക്ഷിച്ചിരുന്നു. ഭക്തന്മാർ നമ്പി ആരൂരരെ കണ്ടു കഴൽ കൂപ്പി അദ്ദേഹത്തെ ആനപ്പുറത്തേററി വെൺചാമരം വീശി ക്ഷേത്രത്തിലേക്കെഴുന്നെള്ളിച്ചുകൊണ്ടുപോയി. അവിടെ വസിച്ചുകൊണ്ടു നമ്പിയാരൂരർ ഭഗവാനെ ദിവസവും തേവാരം ചൊല്ലി പുകഴ്ത്തി.

ഒരു ദിവസം നമ്പിയാരൂരർ കന്യകയായ “പറവൈ” ക്ഷേത്രത്തിൽനിന്നു സ്വാമിദൎശനം ചെയ്തു മടങ്ങുന്നതു കണ്ടു. ഭഗവാൻെറ മായാവൈഭവത്താൽ ആ ഭക്തനു ആ പതിവ്രതയിൽ അനുരാഗം ജനിച്ചു. അപ്രകാരംതന്നെ പറവൈയ്ക്കും ആരൂരരുടെ പേരിൽ അനുരാഗമുണ്ടായി. അവർ രണ്ടുപേരും ദിവസവും അങ്ങുമിങ്ങുംനോക്കി ആകാരസൌഷ്ഠവമനുഭവിച്ചു ചക്ഷുഃപ്രീതി നേടി. അവർ ഇരുവരുടേയും അനുരാഗം മൂത്തു് ക്രമേണ അവൎക്കു അസഹ്യമായിത്തീൎന്നു. അപ്പോൾ ഭഗവാൻ ക്ഷേത്രാധികൃതന്മാരായ ഭക്തന്മാരോടു അവർ ഇരുപേരുടേയും വിവാഹം ഭംഗിയായി നിറവേററിക്കൊടുപ്പാനാജ്ഞാപിച്ചു. അപ്രകാരം കമലിനിയായിരുന്ന പറവൈയോടു ആലോലസുന്ദരമായിരുന്ന നമ്പിആരൂരർ ബന്ധപ്പെട്ടു. ഇവിടെ വെച്ചാണു് ഭഗവാൻ ശ്രീകൈലാസപതി നമ്പിആരൂരരോടു തിരുത്തൊണ്ടന്മാരുടെ മാഹാത്മ്യത്തെ പുകഴ്ത്തി പാടുവാനാജ്ഞാപിച്ചതു്. എങ്ങനെയാണു് തുടങ്ങേണ്ടതു എന്നു ആരൂരർ പ്രാൎത്ഥിച്ചപ്പോൾ ഭഗവാൻതന്നെ “തില്ലൈ വാഴ് അന്തണർ തം അടിയാൎക്കു മടിയേൻ” എന്ന പാദം പാടി കാണിച്ചുകൊടുത്തു. അതിനെ തുടൎന്നു നമ്പിആരൂരർ തേവാരം പാടി ഭഗവാനെ സ്തോത്രം ചെയ്തു.

ഭക്തോത്തമനായ നമ്പിആരൂരർ ഭാൎയ്യാസമേതം തിരുവാരൂരിൽതന്നെ സ്ഥിരമായി ഭഗവൽഭജനം ചെയ്തു വന്നു. “തിരുത്തൊണ്ടർ തൊകൈ” മുതലായ ദിവ്യതേവാരങ്ങൾ ഭഗവാൻെറ കല്പനപ്രകാരം സുന്ദരമൂൎത്തി തിരുവാരൂരിൽ വെച്ചു പാടീട്ടുള്ളതാണു്.

തിരുവാരൂരിൽ താമസിച്ചിരുന്ന കാലത്തു "കുന്ദയൂർ കിഴാർ" എന്ന ഒരു വെള്ളാളനായിരുന്നു നമ്പിയാരൂരർക്കു ഭക്ഷണത്തിന്നു വേണ്ട അരികൊടുത്തുവന്നതു്. ആയിടെക്കു അവിടെ വലുതായ ഒരു ക്ഷാമം ബാധിച്ചു. വർഷമില്ലാതെ ധാന്യങ്ങൾ ഒന്നുംതന്നെ ആരും കൃഷിചെയ്തില്ല. ഭക്തനായ നമ്പിആരൂരർക്കു വേണ്ട ഭക്ഷണത്തിന്നുള്ള അരിപോലും കൊടുക്കുവാൻ സാധിക്കാതെ കിഴാർ വളരെ പരിതപിച്ചു. ഒരു ദിവസം സ്വപ്നത്തിൽ, ഭഗവാൻ "എന്റെ ഭക്തനായ ആരൂരർക്കു ഭക്ഷണത്തിന്നു വേണ്ട നെല്ലു് നിന്റെ കണ്ടത്തിൽ വിളഞ്ഞു കിടപ്പുണ്ടു്" എന്നിങ്ങനെ അരുളിച്ചെയ്തു. അപ്രകാരം കിഴാർ വയലിൽ ചെന്നു നോക്കിയപ്പോൾ ആയാളുടെ കണ്ടങ്ങൾ അത്രയും സമൃദ്ധമായി വിളഞ്ഞു കൊയ്യാറായി നില്ക്കുന്നതു കണ്ടു് അത്യത്ഭുതപ്പെട്ടു. വേഗത്തിൽ മടങ്ങിവന്നു ഈ അത്ഭുതസംഗതിയെക്കുറിച്ചു ആരൂരരോടു പറഞ്ഞു് അദ്ദേഹത്തെയും കൂട്ടി വീണ്ടും വയലിലേക്കു പോയി അതെല്ലാം കാണിച്ചുകൊടുത്തു. വയൽ അവരുടെ പാർപ്പിടത്തിൽനിന്നും രണ്ടു നാഴികദൂരെയാണു് കിടക്കുന്നതു്. കൊയ്ത്തു നടത്തുവാൻ കിഴാർക്കു കൂലിക്കാരെ ആരെയും കിട്ടിയില്ല. ഈ വിവരം ആരൂരരോടു പറഞ്ഞപ്പോൾ അദ്ദേഹം അവിടെ നിന്നുംകൊണ്ടു ഒരു തേവാരം പാടി. അതുകേട്ടു സന്തുഷ്ടനായ ഭഗവാൻ നെല്ലു കൊയ്തു മെതിച്ചു വീട്ടിലെത്തിച്ചുകൊടുപ്പാനായി ഭൂതഗണങ്ങളോടാജ്ഞാപിച്ചു. അപ്രകാരം ശിവഭൂതങ്ങൾ വന്നു നെല്ലെല്ലാം കൊയ്തു കടത്തി. നമ്പിയാരൂരരുടെ ധർമ്മപത്നി ആ നെല്ലെല്ലാം ചുററുമുള്ള ദരിദ്രന്മാർക്കായി ദാനം ചെയ്തു. ഇങ്ങനെ കുറെക്കാലം നമ്പിയാരൂരർ ഭാര്യയോടുംകൂടി സുഖമായി തിരുവാരൂരിൽ ഇരുന്നു.

വീണ്ടും ഭഗവാന്റെ കല്പനയനുസരിച്ചു ആരൂരർ ദേശസഞ്ചാരത്തിന്നു മുതിർന്നു. അദ്ദേഹം പല ദിക്കുകളും ചുററിസ്സഞ്ചരിച്ചു് ഒടുവിൽ തിരുനാട്ടിയത്താൻകുടിയിലെത്തി. അവിടുത്തെ നിവാസിയായ "കോട്പുലി നായനാർ" എന്ന മാന്യൻ ആരൂരരെ എതിരേററു തന്റെ ഭവനത്തിൽ കൊണ്ടുപോയി വേണ്ടതിൻവണ്ണം ഉപചരിച്ചു. അദ്ദേഹം സുന്ദരിമാരായ തന്റെ രണ്ടു പെൺമക്കളേയും കല്യാണം ചെയ്തുകൊള്ളുവാനായി ആരൂരരുടെ തിരുമുമ്പാകെ സമർപ്പിച്ചു. എന്നാൽ ആ ഭക്തശിരോമണിയാകട്ടെ, ആ കന്യകമാരെ കണ്ടു ഉടനെ പുത്രീനിർവ്വിശേഷം വാത്സല്യത്തോടെ "മക്കളെ" എന്നാണു് വിളിച്ചതു്. അതിനാൽ കോട്പുലി നായനാരുടെ അഭീഷ്ടം സാധിച്ചില്ല. അവിടെനിന്നും നമ്പിആരൂരർ നടന്നു. പിന്നേയും പല പുണ്യപ്രദേശങ്ങളും ക്ഷേത്രങ്ങളും ദർശിച്ചു് "തിരുമുതുകുണ്ട്റം" എന്ന ദിക്കിലെത്തി. അവിടെവെച്ചു അദ്ദേഹത്തിന്നു ധനത്തിൽ കുറെ ആകാംക്ഷ ജനിച്ചു. "സുന്ദരം പാടുവതു പൊന്നുക്കു്" എന്നൊരു പഴമൊഴി തമിഴിലുണ്ടു്. ഉടനെ അദ്ദേഹം ശിവനെക്കുറിച്ചു ദിവ്യമായ ഒരു തേവാരം പാടി. ഭക്തവത്സലനായ ഭഗവാൻ തൽക്ഷണം പ്രത്യക്ഷപ്പെട്ടു് പന്തീരായിരം പൊന്നു് ആരൂരർക്കു സംഭാവനയായി നൽകി.

"ഭഗവാനേ! ഇതിനേയും വഹിച്ചു ഞാൻ എങ്ങനെ നാട്ടുപുറവും. ഇതിനെ വീട്ടിലെത്തിക്കുവാൻ മാർഗ്ഗം എന്താണു്" എന്നിങ്ങനെ ചോദിച്ചപ്പോൾ ഭഗവാൻ "വിരോധമില്ല, ആ സ്വർണ്ണത്തെ മുഴുവനും അടുത്തുള്ള മണിമുത്താർ പുഴയിൽ ഇടുവാൻ കല്പിച്ചു. നാട്ടിൽ ചെന്നു വിടിന്നു മുൻവശത്തുള്ള കുളത്തിൽ നോക്കിയാൽ അവിടെ ഇതു പൊങ്ങിവരും എന്നും ഭഗവാൻ അരുളിചെയ്തു മറഞ്ഞു. ഈ പുഴയിൽ ഇട്ടസ്വർണ്ണം പൊങ്ങിവരുന്നതു ഒരുവേള മാററുകുറഞ്ഞതായാലോ എന്നു സംശയിച്ചു മേലാൽ പരിശോധിക്കുവാനായി ഒരു ചെറിയ കഷണം വെട്ടിയെടുത്തു സൂക്ഷിച്ചു മററുള്ളതെല്ലാം പുഴയിൽ വലിച്ചെറിഞ്ഞു് ആരൂരർ അവിടം വിട്ടു. പിന്നേയും പല സ്ഥലങ്ങളും പുററി ചിദംബരത്തു എത്തി കുറെദിവസം ചിദംബരശനെ ഭജിച്ചു തിരുവാരൂർക്കുപോയി. താൻ തിരുമുതുകുണ്ടു്റത്തിൽ വെച്ചു ഭഗവാനെ ഭജിച്ചപ്പോൾ പൊന്നു കിട്ടിയതും പുഴയിൽ എറിഞ്ഞതുമായ എല്ലാം വിവരങ്ങളും "പറവൈ"യോടു പറഞ്ഞു അവളേയുംകൂട്ടി കുളത്തിൽ തപ്പുവാൻ പോയി. ഇതുകണ്ടു ഭാര്യ ചിരിച്ചു ആററിലെ ഇട്ടതുകുളത്തിൽ തപ്പിയാൽ കിട്ടുമോ എന്നു പറഞ്ഞു പരിഹസിച്ചു. കുളത്തിലിറങ്ങി എത്രതപ്പീട്ടും പൊന്നു കിട്ടിയില്ല. ഉടനെ ആരൂരർ അവിടെനിന്നുകൊണ്ടു ഒരു തേവാരം പാടി. തൽക്ഷണം മണിമുത്താററിലിട്ട ധനം മുഴുവനും ആ കുളത്തിൽ പൊന്തിവന്നു; പക്ഷെ അതിന്റെ മാററു വളരെ കുറഞ്ഞതായി കണ്ടു. വീണ്ടും ഒരു തേവാരം പാടിയപ്പോൾ മുമ്പിലിരുന്ന മാതിരി സ്വർണ്ണം നല്ലതായിത്തീൎന്നു.

നമ്പി ആരൂരാരുടെ ജീവിതദശയിൽ അധികഭാഗവും ഭഗവദാജ്ഞപ്രകാരം ദേശസഞ്ചാരം ചെയ്തു ഭഗവാന്റെ മഹിമയെ പുകഴ്ത്തിയും ശൈവമാത്മ്യത്തെ പ്രചരിപ്പിച്ചും കൊണ്ടാണു് നയിച്ചതു്. ഭഗവാൻ തന്റെ ഭക്തനെ നിഴൽപോലെ എപ്പോഴും ഒരുമിച്ചുതന്നെയിരുന്നു് അപ്പപ്പോൾ വരുന്ന സകല ആപത്തുകളിൽനിന്നും കഷ്ടങ്ങളിൽനിന്നും രക്ഷിച്ചു. ദേശസഞ്ചാരമദ്ധ്യത്തിൽ ഒരിക്കൽ തിരുക്കുറുക്കാവു് എന്ന സ്ഥലം എത്തിയപ്പോൾ മദ്ധ്യാഹ്നമായി. കൊടുവെയിൽകൊണ്ടും വിശപ്പും ദാഹവും വർദ്ധിച്ചു ആരൂരർ പരവശനായി. അരികെ കണ്ട ഒരു തണ്ണീർ പന്തലിൽ കയറിയിരുന്നു വിശ്രമിച്ചു. അവിടെ വെള്ളം ഒഴിച്ചിരുന്നവൻ കയ്യിലുണ്ടായിരുന്ന പൊതിച്ചോറു ആരൂരർക്കു നല്കി. അതു വാങ്ങി ഭക്ഷിച്ചു തളർച്ച തീൎന്നു് ഉടനെ കണ്ടതു തണ്ണീർപന്തലും ചോറുകൊടുത്ത ആളും എല്ലാം ഒന്നായി ആകാശമാർഗ്ഗത്തിലേക്കു പൊങ്ങുന്നതായിട്ടാണു്. ഇതുകണ്ടു് അത്യത്ഭുതപ്പെട്ടു എല്ലാം ഭഗവാന്റെ ലീല എന്നു കരുതി വീണ്ടും വീണ്ടും തേവാരം പാടി.

ഇപ്രകാരം ഒരിക്കൽ തിരുകച്ചൂർ ആലക്കോവിലിന്നു സമീപം ഒരു വീട്ടിന്റെ തിണ്ണയിൽ വിശപ്പുകൊണ്ടു പരവശനായി ആരൂരർ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടെ ഒരു സന്ന്യാസി വന്നു. സന്ന്യാസി ആരൂരരുടെ പരവശതകണ്ടു പത്തുവീട്ടിൽചെന്നു ഭിക്ഷതെണ്ടി അരിസമ്പാദിച്ചു പചിച്ചു

ആരൂരർക്ക് നല്കി. ബാക്കി താനും ഭക്ഷിച്ചു. ഉടനെ സന്യാസി അപ്രത്യക്ഷനായി. ഇങ്ങനെ ആരൂരരെക്കുറിച്ചു അനവധി കഥകൾ ഉള്ളതു വിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല.

ഒരിക്കൽ നമ്പിആരൂരർ "തിരുവൊററിയൂർ" എന്ന സ്ഥലത്തു് എത്തി. അദ്ദേഹത്തിന്നു് അനിന്ദിതയുമായി ചേരേണ്ട സമയമായി. അനിന്ദിത ഈ സ്ഥലത്താണല്ലൊ "സങ്കലിയാർ" എന്ന നാമധേയത്തിൽ ജനിച്ചിരിക്കുന്നതു്.

ആരൂരരുടെ ഭക്തിയും ബുദ്ധിശക്തിയും സർവ്വോപരി സൌന്ദര്യവിലാസവും കണ്ടു് സങ്കലിയാരുടെ പിതാവു് ഇദ്ദേഹത്തെ പുത്രിക്കു് വരനായി ലഭിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിച്ചു. ഒരു ദിവസം പിതാവു് വിവാഹകാര്യത്തെക്കുറിച്ചു് പുത്രിയോടു് സൂചിപ്പിച്ചു. ഉത്തമോത്തമനായ ശിവഭക്തനെ അല്ലാതെ വേറെ ആരേയും താൻ വിവാഹം കഴിക്കുകയില്ലെന്നു് പുത്രി ശാഠ്യം പറഞ്ഞതുകൊണ്ടു് ഒന്നുരണ്ടു് ധനവാന്മാർ വിവാഹത്തിന്നു് ആവശ്യപ്പെട്ടിട്ടുള്ളതിനൊന്നിനും പിതാവു് തീർച്ചയായ മറുപടി പറഞ്ഞില്ല. പുത്രിയെ ദൈവഭജനത്തിനായി അടുത്തുള്ള ശിവക്ഷേത്രത്തിൽ പാർപ്പിച്ചു. ആരൂരർ സങ്കലിയാരെ ക്ഷേത്രത്തിൽ വെച്ചു് കണ്ടുമുട്ടി. ഇരുപേരുടേയും ഹൃദയത്തിൽ അനുരാഗം ജനിച്ചു. ഈ വിവരം പിതാവു് ഗ്രഹിച്ചപ്പോൾ ആയതു് ഈശ്വരാനുഗ്രഹമായി കരുതി സന്തോഷിച്ചു. സങ്കലിയാരെ വിധിപൂർവ്വം ആരൂരർക്കു പാണിഗ്രഹണം ചെയ്തുകൊടുപ്പാൻ തീർച്ചയാക്കി. എന്നാൽ ഭഗവാൻ വിവാഹത്തിന്നുമുമ്പു് "സങ്കലിയാരോടു" ഈ രാജ്യം വിട്ടു ഒരുകാലത്തും പുറമേപോകരുതെന്നു സത്യം ചെയ്യിച്ചശേഷമേ വിവാഹം ചെയ്യാൻ പാടുള്ളൂ"വെന്നു സ്വപ്നത്തിൽ അരുളിചെയ്തു. സങ്കലിയാർ വല്ല സത്യവും ചെയ്വാനാവശ്യപ്പെട്ടാൽ അപ്രകാരം ചെയ്തുകൊടുക്കേണമെന്നു് ഭഗവാൻ ആരൂരാരോടും ആജ്ഞാപിച്ചു. അവരിരുവരും പരസ്പരം സത്യം ചെയ്തു ആ ഭഗവൽ സന്നിധാനത്തുവെച്ചുതന്നെ അവരുടെ പാണിഗ്രഹണം മംഗളപൂർവ്വം നിറവേററി. ആരൂരർ കുറെ നാൾ ആനന്ദത്തോടുംകൂടി സങ്കലിയാരുമൊന്നിച്ചു് രമിച്ചു അവിടെ വാണു. ഒരു ദിവസം പെട്ടന്നു അദ്ദേഹത്തിന്നു തിരുവാരൂർ വസന്തോത്സവത്തെക്കുറിച്ചോർമ്മ വന്നു. തൽക്ഷണം പറവൈയെ പററിയും നിനച്ചു. താമസിയാതെ അദ്ദേഹം തിരുവാരൂർക്കു പുറപ്പെട്ടു. സങ്കലിയാരോടു പറഞ്ഞ സത്യത്തെക്കുറിച്ചു അദ്ദേഹം ലവലേശം ഓർത്തില്ല. ആരൂരർ തിരുവൊററിയൂർ അതൃത്തി വിട്ടു ഉടനെ അദ്ദേഹത്തിൻെറ രണ്ടു കണ്ണിനും കാഴ്ചയില്ലാതായി. അതു സാരമാക്കാതെ വേറെ ചിലരെ സഹായത്തിനു കൂട്ടിനടന്നു. അവർ കാഞ്ചീപുരത്തെത്തി. ആരൂരർ തിരുവേകമ്പം എന്ന ശിവക്ഷേത്രത്തിൽ ചെന്നു ദിവ്യമായ ഒരു തേവാരം പാടി ഭഗവാനെ സ്തുതിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ ഇടത്തെ കണ്ണിനു കാഴ്ച ഉണ്ടായി. വീണ്ടും അവിടം വിട്ടുനടന്നു. എല്ലാവരും തിരുവാരൂരെത്തി. വാത്മീകനാഥസ്വാമിയെ ദർശനംചെയ്തു ഒരു തേവാരം പാടിയപ്പോൾ ആരൂരരുടെ വലതു കണ്ണിനും കാഴ്ച ലഭിച്ചു.

ആരൂരർ ക്ഷേത്രത്തിൽ തന്നെയിരുന്നു ഭഗവാനെ ഭജിച്ചു. കൂടെ വന്നവരെ പറവൈയാരുടെ വീട്ടിലേക്കു അയച്ചു. ആരൂരർ സങ്കലിയാരെ കല്യാണം കഴിച്ചു വിവരം പറവൈ മനസ്സിലാക്കി അവൾ കോപകലുഷിതയായിരിക്കുകയായിരുന്നു. ഭർത്താവിൻെറ കൂടെ വന്നവരെ അദ്ദേഹം വീട്ടിലേക്കു പറഞ്ഞയച്ചതായി അവൾ അറിഞ്ഞപ്പോൾ അവളുടെ കോപം ഉജ്വലിച്ചു. ആ വന്നവരോടു അവിടെ കയറരുതെന്നും പുറത്തേക്കു പോണമെന്നും അവൾ ആജ്ഞാപിച്ചു. അവർ അവളുടെ കോപകാരണം മനസ്സിലാക്കി അവിടം വിട്ടു ക്ഷേത്രത്തിൽ ചെന്നു ആരൂരരോടു വിവരം പറഞ്ഞു. അദ്ദേഹം അതു കേട്ടതിൽ ഇതികർത്തവ്യതാമൂഢനായി അവസാനം ചില മദ്ധ്യസ്ഥന്മാരോടു ചെന്നു സന്ധിചെയ്തുകൊടുപ്പാനപേക്ഷിച്ചു. ആപ്രകാരം ആ ക്ഷേത്രത്തിലെ ചില ഭക്തന്മാർ ചെന്നു പറവൈയാരെ കണ്ടു സാന്ത്വനവചനങ്ങൾ പറഞ്ഞു. "നിങ്ങൾ എല്ലാവരും ഇപ്പോൾ പോണം. ഈ വിവരം പറയുവാൻ മേലിൽ വല്ലവരും ഇവിടെ വരുന്നതായാൽ ആ ക്ഷണം ഞാൻ പ്രാണത്യാഗം ചെയ്യും." എന്നെല്ലാം പറവൈ കോപതാപാദികളോടുകൂടി ആ മദ്ധ്യസ്ഥന്മാരോടു പറഞ്ഞു. അവർ മടങ്ങിവന്നു വിവരം ആരൂരരോടു പറഞ്ഞു. ആർക്കും അവളുടെ വീട്ടിൽ കടക്കുവാൻ പാടില്ലെന്നു വന്നപ്പോൾ ഇനിയെന്തു വേണ്ടൂവെന്നു ആരൂരർ ഓർത്തു. അദ്ദേഹം വളരെ പരിതാപത്തോടുകൂടി ഭഗവാനെ കൂപ്പി ഒരു തേവാരം പാടി. തൽക്ഷണം ഭഗവാൻ അദ്ദേഹത്തിൻെറ പുരോഭുവി പ്രത്യക്ഷപ്പെട്ടു് വിവരം ചോദിച്ചറിഞ്ഞു ആരൂരരുടെ ആളായി പറവൈയാരുടെ അടുക്കൽ ദൂതു പറവാനായി ഒരു ബ്രാഹ്മണൻെറ വേഷത്തിൽ ചെന്നു് കതകു തട്ടിവിളിച്ചു. പറവൈ വാതിൽ തുറന്നു. ആ ബ്രാഹ്മണൻ നയ്മയായ പല വാക്കുകളും അവളോടുപദേശിച്ചു. എന്തു പറഞ്ഞിട്ടും അവൾ കൂട്ടാക്കിയില്ല. ഒടുവിൽ അദ്ദേഹം ബുദ്ധിമടുത്തു മടങ്ങിവന്നു ആ കാര്യം തന്നാൽ വളരെ പ്രയാസമാണെന്നു ആരൂരരോടു പറഞ്ഞു. "വേണ്ടില്ല. നല്ലതു്. ഞാൻ പ്രാണത്യാഗം ചെയ്തുകൊള്ളാം. അതു മാത്രമേ ഇനി എനിക്കു ഗതിയുള്ളു" എന്നിങ്ങനെ ഗൽഗദത്തോടുകൂടിപറഞ്ഞു ആരൂരർ അതിനുള്ള ഒരുക്കങ്ങൾ ചെയ്തു. ഉടനെ ശിവൻ സ്വന്തരൂപം ധരിച്ചു ആരൂരരെ സമാധാനപ്പെടുത്തി ഒരുമിച്ചു കൂട്ടി ഭാര്യാവീട്ടിലേക്കു ചെന്നു. പറവൈക്കു ഭഗവാൻ സ്വന്തരൂപം കാട്ടികൊടുത്തു്, അവളുടെ പിണക്കം തീർത്തു. അവരെ ഇരുപേരേയും കൂട്ടിച്ചേർത്തു മറഞ്ഞു.

ആരൂരർ പരമശിവനെ പെണ്ണിനോടു് ദൂതുപറവാൻ നിയോഗിച്ച വർത്തമാനം കർണ്ണാകർണ്ണികയാ കേട്ടറിഞ്ഞു പെരുമംഗത്തു്, ഏയർകോൻ കുടിയിലിരിക്കുന്ന കലിക്കാമർ എന്ന വെള്ളാളൻ. കലിക്കാമർ പരമഭക്തനായിരുന്നു. ജുഗുപ്സാവഹമായ ഈ നീചകർമ്മത്തിൽ ഭഗവാനെ നിയോഗിച്ചതറിഞ്ഞു് കലിക്കാമർ കോപതാമ്രാക്ഷനായിത്തീർന്നു. ആരൂരരെ കഷണം കഷണമായി വെട്ടിമുറിച്ചാൽ പോലും അദ്ദേഹത്തിന്നു് തൃപ്തിവരാത്ത വിധം അത്യധികം കോപം ആരൂരരുടെ ആ നീചപ്രവൃത്തിയിൽ അദ്ദേഹത്തോടു് കലിക്കാമർക്കു് ജനിച്ചു. ഈ വിവരം ഭഗവാൻ മനസ്സിലാക്കി ആരൂരരോടുള്ള

# കുട്ടികൾക്കു ഒരു കഥ

കുട്ടിമാൻ

റാംപ്രസാദ് സാധുവായ ഒരു തുണിനെയ്ത്തുകാരനാണ്. ആയാൾ അന്നന്നു നെയ്തുണ്ടാക്കിയ തുണികളെ വൈകുന്നേരം വല്ലയിടത്തും കൊണ്ടുപോയി വിററുകിട്ടുന്ന ആദായംകൊണ്ടു സ്വന്തം കുടുംബത്തെ സംരക്ഷിച്ചുവന്നു. ഭാര്യയും രണ്ടു സന്താനങ്ങളും മാത്രമേ ഉള്ളു. അയാളുടെ കുടുംബാംഗ

---

കോപം തീൎത്തു് കലിക്കാമരെ കൂട്ടിയോജിപ്പിക്കേണമെന്നു് കരുതി കലിക്കാമൎക്കു് അസഹ്യമായ വയററിൽ വേദന ഉണ്ടാക്കി. കലിക്കാമർ വേദനസഹിക്കാതെ ഭഗവാനെ വിളിച്ചു് കരഞ്ഞു. ഭഗവാൻ കലിക്കാമൎക്കു് പ്രത്യക്ഷനായി "സുന്ദരനെകണ്ടാൽ വ്യാധി നിശ്ശേഷം നീങ്ങും. ഞാൻ അവനെ ഇങ്ങോട്ടയക്കാം" എന്നരുളി മറിഞ്ഞു. "വേണ്ട, വേണ്ട, ഒരുകാലത്തും വേണ്ട, ആ മഹാപാപി ഇവിടെ വന്നാൽ ഞാൻ മരിക്കും. ആ ദുഷ്ടനെ ഇങ്ങോട്ടയക്കേണ്ട" എന്നിങ്ങനെയാണു് കലിക്കാമർ ഭഗവാന്റെ തിരുവചനങ്ങൾക്കു് മറുപടി പറഞ്ഞതു്. ഭഗവാൻ അതുകൂട്ടാക്കാതെ കലിക്കാമരുടെ വീട്ടിലേക്കുപോകാൻ ആരൂരരോടാജ്ഞാപിച്ചു. അപ്രകാരം ആരൂരർ കലിക്കാമരുടെ വീട്ടിൽചെന്നു. ആരൂരർ വന്നതായറിഞ്ഞപ്പോൾ ഒരു കത്തിയെടുത്തു് തന്നത്താൻ കുത്തി കലിക്കാമർ മൃതിയടഞ്ഞു. ഈ സംഭവത്തെപ്പററി യാതൊന്നും കലിക്കാമരുടെ ധൎമ്മപത്നി ആരൂരരോടു് പറഞ്ഞില്ല. ആ സാധ്വി അദ്ദേഹത്തെ സ്വീകരിച്ചു് ഇരുത്തി വേണ്ട ഉപചാരങ്ങൾ ചെയ്തു. കലിക്കാമരെ കാണേണമെന്നു് ആരൂരർ ആവശ്യപ്പെട്ടപ്പോൾ "അദ്ദേഹം കിടന്നുറങ്ങുകയാണു് അങ്ങോട്ടുചെന്നു് കാണാം" എന്നാണു് ആ സാധ്വി പറഞ്ഞതു്. ആരൂരർ ചെന്നു് കണ്ടതു് രക്തത്തിൽ ആറാടി കിടക്കുന്ന കലിക്കാമരുടെ മൃതശരീരമാണു്. അദ്ദേഹം വിവരം ചോദിച്ചു മനസ്സിലാക്കി. "ഓഹോ!" എന്റെ കാരണമോ ഈ മഹാൻ പ്രാണത്യാഗം ചെയ്തതു്. ഇനി ഞാനിരുന്നിട്ടു് ഫലമില്ല ഞാനും ആത്മഹത്തി ചെയ്യുകതന്നെ" എന്നുപറഞ്ഞു് കലിക്കാമരുടെ കയ്യിലുള്ള കത്തിയെടുത്തു് തന്നത്താൻ കുത്തിമരിപ്പാൻ ഭാവിച്ചു. എന്നാൽ ആരൂരർ കത്തിയെടുപ്പാൻ കലിക്കാമരെ തൊട്ട ക്ഷണത്തിൽ അദ്ദേഹം ഉറക്കമുണൎന്നപോലെ എഴുനീററിരുന്നു. പിന്നീടു് അവർ രണ്ടുപേരും വളരെ രഞ്ജിപ്പോടുകൂടി വൎത്തിച്ചു. ഇപ്രകാരം ആരൂരരെ മുൻനിൎത്തി ഭഗവാൻ പരമശിവൻ നടത്തിട്ടുള്ള ലീലകൾ അസംഖ്യങ്ങളുണ്ടു്. ഭക്തന്മാൎക്കു് താൻ എല്ലാസമയത്തും വശംവദനാണെന്നല്ല ഇതുകൊണ്ടെല്ലാം തെളിയുന്നതു്.

ങ്ങളായിട്ട്. ഭാര്യ യശോദാദേവി പരമഭക്തയും, ഭർത്താവിനെ ഈശ്വരനെപ്പോലെ കരുതി ആരാധിച്ചുപോരുന്ന ഒരു സാധ്വിയും ആണ്. മൂത്ത മകന് പത്തുവയസ്സ്, അവൻെറ പേർ ശശികുമാരൻ. എട്ടുവയസ്സായ അവൻെറ സഹോദരിയുടെ പേർ സുലേഖ.

രാംപ്രസാദിൻെറ സമ്പാദ്യം അവരുടെ ഉപജീവനത്തിനുതന്നെ കഷ്ടിയായിരുന്നതുകൊണ്ടു മററുള്ളവരുടെ കുട്ടികളെപ്പോലെ സ്വന്തം മക്കളെ ആഡംബരത്തിൽ വളത്തുവാൻ സാധിച്ചില്ല. കുട്ടികളെ സ്കൂളിലേക്കയച്ചു പഠിപ്പിക്കുവാൻകൂടി അയാൾക്കു കഴിഞ്ഞില്ല. അയാൾ തന്നെ ഒഴിവുള്ളസമയത്തു മക്കളെ വീട്ടിലിരുത്തി പഠിപ്പിക്കയാണ് ചെയ്തതു്. കുട്ടികൾ രണ്ടുപേരും നല്ല ബുദ്ധിയുള്ളവരും ഗ്രഹണശക്തിയും അനുസരണമുള്ളവരുമായതുകൊണ്ടു അവർ അല്പദിവസത്തിനുള്ളിൽ എഴുത്തും വായനയും നല്ലപോലെ വശമാക്കി.

ശശികുമാരനും സുലേഖയും ഒരു മിനിട്ടുപോലും പാഴിൽ കളഞ്ഞില്ല. അതിരാവിലെ ഉണൎന്നാൽ അവർ മാതാപിതാക്കന്മാരെ വന്ദിച്ച്, ശൌചാദികൾ കഴിച്ച്, പ്രാൎത്ഥനാമുറിയിൽപോയി പത്തു മിനിട്ടുനേരം നാമം ജപിച്ചു ഭഗവൽ സ്തോത്രം ചെയ്തു പുറത്തുവരും. അനന്തരം അവരുടെ പുസ്തകങ്ങളെടുത്തു സ്വയം പഠിച്ചുതുടങ്ങും. വല്ല സംശയവും വന്നാൽ ഉടനെ അവർ പിതാവിൻെറ അടുക്കൽ ചെന്നു സംശയവൃത്തി വരുത്തും. പിന്നീട് അവരുടെ മാതാവുകൊടുത്ത ഭക്ഷണം കഴിച്ചാൽ അവർ ചെന്നു നെയ്ത്തുകാര്യത്തിൽ പിതാവിനെ സഹായിക്കും. റാട്ടതിരിക്കുക, നൂലുചുററുക, പാവോടുക ഇങ്ങനെയുള്ള ചെറുപണികൾ എല്ലാം ആ കുട്ടികൾക്കു നല്ല വശമാണ്. അവൎക്കു ഒരു പശുവുള്ളതിനെ ശശികുമാർ അടുത്തു പുഴയരികത്തു കൊണ്ടുപോയി മേയിച്ച് കഴുകിക്കൊണ്ടുവരും; അവൻെറകൂടെ സുലേഖയും പോയി പശുവിനു രാത്രി തിന്നാൻവേണ്ട പുല്ലു പറിച്ച് കെട്ടിയെടുത്തു സഹോദരനോടൊപ്പം മടങ്ങും. ശ്യാമളാദേവിയും ഭക്ഷണാദികൾ തയ്യാറായിക്കഴിഞ്ഞാൽ ഭർത്താവോടൊപ്പം നെയ്ത്തിനിരിക്കും. ശശികുമാരൻ പിതാവോടൊപ്പം ചന്തക്കും മററുംപോയി പരിചയിച്ചിരുന്നതുകൊണ്ടു ചിലപ്പോൾ അവനായിരിക്കും തുണി വില്ക്കാൻ കൊണ്ടുപോവുക.

ഒരു ദിവസം ആ നാട്ടിലെ ജമീൻദാർ രമാരമൺബാബുവിൻെറ ഡ്രൈവർ ബാസു രണ്ടു മുണ്ടു ഏല്പിച്ചിരുന്നതു നെയ്തുകഴിഞ്ഞു് രാംപ്രസാദ് ശശികുമാരൻെറ കയ്യിൽ കൊടുത്തയച്ചു. ആ കുട്ടി അതുംകൊണ്ടു ചെന്നപ്പോൾ അവിടെ ബാസുവിനെ കണ്ടില്ല. അയാൾ ബാബുവിനെ ക്ഷേത്രത്തിലേക്കു കാറിൽ കൊണ്ടുപോയിരിക്കയാണെന്നു മനസ്സിലായി ശശി വേഗം ക്ഷേത്രത്തിലേക്കു ചെന്നു. എന്നാൽ ബാസുവിനെ അവിടേയും കണ്ടില്ല. നേരം സന്ധ്യയായി തുടങ്ങി. ആ മുണ്ടു വിററുകിട്ടിയ പണംകൊണ്ടുവേണം അത്താഴത്തിനു സാമാനം മേടിക്കാൻ. ശശി ക്ഷേത്രനടക്കൽ

തന്നെ നിന്നു ദീപാരാധന കണ്ടുതൊഴുതു. ഒരു ചെറിയകുട്ടി പുറത്തുതൊഴുതു നില്ക്കുന്നതു കണ്ടു വേഗം പൂജാരി കുറെ പൂവും ചന്ദനവും, ഒരുപഴവും ഒരു കഷണം ജിലേബിയും ഒരു പൂരിയും പ്രസാദം കൊണ്ടുവന്നു കൊടുത്തു. അല്പം കഴിഞ്ഞപ്പോൾ നാലഞ്ചുവയസ്സുമാത്രം പ്രായമുള്ള ഒരു മഹാ ദരിദ്രബാലൻ ശശിയുടെ അടുത്തുവന്നു. പാവം! ആ കുട്ടിയെ കണ്ടപ്പോൾ ശശികുമാരനു കരച്ചിൽവന്നു. ആ കുട്ടി വളരെ നാളായിരിക്കും ശരിക്കു ആഹാരം കഴിച്ചിട്ട് എന്നു ശശിക്കു തോന്നി. ശശി ചിരിച്ചു ആ കുട്ടിയുടെ മുതുകത്തു തലോടി. പൂജാരി കൊടുത്ത പഴവും ജിലേബിയും പൂരിയും ആ കുട്ടിക്കു കൊടുത്തു. അവൻ അതുവാങ്ങി തിന്നുകൊണ്ടു അവിടംവിട്ടു.

ശശികുമാരൻ ബാസുവിനെ കാണാതെ പരിഭ്രമിച്ചു നില്ക്കുമ്പോൾ രമാരമൺബാബു അവിടെ വന്നു. ശശിയെ കണ്ടു ബാബു അടുത്തു ചെന്നു. ആ കുട്ടി ജമീൻദാരെ താണുവണങ്ങി വിവരം പറഞ്ഞു. അടുത്തുള്ള ചായപ്പീടികയിൽ കൊണ്ടുപോയി ശശിക്കു വേണ്ട ചായപലഹാരം വാങ്ങിക്കൊടുക്കുവാൻ ജമീൻദാർ തന്റെ ഒരു ശിപായിയോടു കല്പിച്ചു.

“യജമാനനെ! നമസ്കാരം! ഞാൻ ചായക്കടയിൽ കടക്കയില്ല; ചായ കുടിക്കില്ല; എനിക്കൊന്നും വേണ്ട. ക്ഷമിക്കണേ!” എന്നു കൂപ്പുകയ്യോടുകൂടി ആ കുട്ടി ബാബുവോടപേക്ഷിച്ചു. അദ്ദേഹം അവനോടു അതിനുള്ള കാരണം ചോദിച്ചപ്പോൾ അവൻ അതേവരെ ചായയുടെ സ്വാദ അറിഞ്ഞിട്ടില്ലെന്നും, ഒരുവേള ഇപ്പോ ഇതറിഞ്ഞാൽ മേലിൽ ചായകുടിയനായി വലിയ ചിലവുകൾക്കിടവരുമെന്നും, ആരോഗ്യം നശിക്കുമെന്നും ആ ബാലൻ പറഞ്ഞു. ചായക്കടയിൽ ചെല്ലുന്നതുതന്നെ നല്ലതല്ല. അവിടെ പലതും ഇരിക്കുന്നതു കാണുമ്പോൾ നമുക്കു ആശതോന്നി വാങ്ങിതിന്നും. അതു പിന്നീടൊരു പതിവാകും. അതു നാശത്തിന്നിടയാക്കും. മാത്രമല്ല, ജോലിയില്ലാത്ത പല കുഴമടിയന്മാരും പലപ്പോഴും ചായപ്പീടികകളിലിരുന്നു പരനിന്ദ ചെയ്തു സൊള്ളുന്നുണ്ടാവും. നാം അതു കേട്ടാൽ ക്രമേണ ദുസ്വഭാവികളായി ഭവിക്കും. അതിനാൽ ആ ശീലം കൊള്ളുകയില്ലെന്നു അവന്റെ അച്ഛൻ ഉപദേശിച്ചിരുന്നതു അവൻ ജമീന്ദാരോടു പറഞ്ഞു.

“നിണക്കു വിശപ്പില്ലെ? നീ ഇന്നു എന്തു ആഹാരം കഴിച്ചു” എന്നു ജമീൻദാർ ശശിയോടു ചോദിച്ചു.

“യജമാനന്നേ! കാലത്തു അമ്മ അല്പം കഞ്ഞിതന്നതു കുടിച്ചതാണ്. പിന്നീടൊന്നും കഴിച്ചിട്ടില്ല. ഈ മുണ്ടു വിററു കിട്ടുന്ന ആദായംകൊണ്ടുവേണം വീട്ടിലേക്കു വല്ലതും വാങ്ങുവാൻ എന്നാണ്” ശശികുമാരൻ മറുപടി പറഞ്ഞതു്.

ജമീൻദാർ ശശിയുടെ കയ്യിലുള്ള മുണ്ടു തന്റെ ഡ്രൈവക്കുള്ളതാണെന്നു മനസ്സിലാക്കി ആ രണ്ടു മുണ്ടും വാങ്ങി അദ്ദേഹം ആയാൾക്കു കൊടുത്തു

കൊള്ളാമെന്നോറ. മുണ്ടിന്റെ വില കഴിച്ചു് ബാക്കി ഇനാമായി എടുത്തു കൊള്ളുവാൻ പറഞ്ഞു് അദ്ദേഹം ആ ബാലന്റെ കയ്യിൽ ഒരു പത്തുറുപ്പികയുടെ നോട്ടുകൊടുത്തു.

"അയ്യോ! യജമാനന്നെ! മുണ്ടുകൾക്ക രണ്ടുറുപ്പിക മാത്രമേ വിലയുള്ളു. അതിൽ ഞങ്ങൾക്ക എട്ടണ കൂലി കിട്ടും. അതു ഞങ്ങളുടെ ചിലവിനെടുക്കും. ഇനാമായി ഞാൻ ആരോടും ഒന്നും വാങ്ങില്ല; അതു മടി വളൎത്തും. അദ്ധ്വാനിച്ചു സമ്പാദിച്ചതിന്നേ രുചിയുള്ളു. എന്റെ വന്ദ്യപിതാവിന്റെ ഉപദേശമാണിതെല്ലാം. എന്റെ വന്ദ്യപിതാവിന്റെ ഉപദേശമാണിതു" എന്നു പറഞ്ഞു ജമീൻദാരെ തൊഴുതു ആ നോട്ടു മടക്കിക്കൊടുത്തു. ശശികുമാരന്റെ വാക്കുകൾ കേട്ടു ജമീൻദാർ അത്യാനന്ദഭരിതനായി. അദ്ദേഹം രാംപ്രസാദിനേയും, ഭാൎയ്യയേയും, മകളേയും കൂട്ടിക്കൊണ്ടുവരാൻ തന്റെ കാറയച്ചു.

മുണ്ടുകൊണ്ടുപോയ മകന്റെ വരവുകാണാതെ രാംപ്രസാദ് വളരെ വ്യാകുലപ്പെട്ടു. ശശികുമാരനെ അന്വേഷിക്കുവാൻ ആയാൾതന്നെ പുറപ്പെട്ടു. അപ്പോഴാണു് ജമീൻദാരുടെ കാറുവന്നു് പടിക്കൽ നിന്നതു്. ഡ്രൈവർ വിവരങ്ങൾ പറഞ്ഞു് അവരെ കാറിൽകയററി ബാബുവിന്റെ അടുക്കലേക്കു് കൊണ്ടുപോയി.

ജമീൻദാരുടെ അടുക്കൽ ശശികുമാരൻ നില്ക്കുന്നതു കണ്ടപ്പോൾ ആ ചെറിയ കുടുംബം വല്ലാതെ പരിഭ്രമിച്ചു. രാംപ്രസാദും, ശ്യാമളാദേവിയും, സുലേഖയും ഓടിച്ചെന്നു് ജമീൻദാരെ വീണു നമസ്കരിച്ചു. ശ്യാമളാദേവി പൊട്ടിക്കരഞ്ഞു. "മകൻ വല്ല കുററവും ചെയ്തിട്ടുണ്ടെങ്കിൽ ദൈവത്തെ ഓൎത്തു് പൊറുക്കണേ" എന്നു് ആ സാധ്വസ്ത്രീ അദ്ദേഹത്തോടു് യാചിച്ചു. ശശികുമാരൻ യാതൊരു കുററവും ചെയ്തിട്ടില്ല; അവനെ കണ്ടു് ഞാൻ വളരെ സന്തോഷിക്കുകയാണു്" എന്നു പറഞ്ഞു ശ്യാമളാദേവിയെ സമാധാനപ്പെടുത്തി. ആകസ്മികമായി ജമീൻദാർ രാംപ്രസാദ് മുതലായവരെ കാറയച്ചുവരുത്തിയതെന്തിനാണെന്നറിയാനുള്ള ജിജ്ഞാസയോടുകൂടി അവിടെ വളരെ ജനങ്ങൾ തടിച്ചുകൂടി.

"ശശികുമാരനെ പെററ മാതാവേ! ശ്യാമളാദേവി! ഭവതി പരമഭാഗ്യവതിതന്നെ." സന്തോഷാധിക്യം കൊണ്ടു് ഹൃദയത്തിൽ തിങ്ങിവിങ്ങിയ വികാരത്തെ ഒതുക്കി ബാബു പറഞ്ഞു. അനന്തരം അദ്ദേഹം ആ കുട്ടി പൂജാരികൊടുത്ത പ്രസാദം തിന്നാതെ സ്വന്തം വിശപ്പു് സഹിച്ചു് സന്തോഷപൂൎവ്വം അതെല്ലാം ഒരു ദരിദ്രബാലന്റെ വിശപ്പൊതുക്കുവാൻ നല്കിയ ആ ഹൃദയസ്പൃക്കായ സംഗതി അദ്ദേഹം ഗോപുരത്തിലിരുന്നു കണ്ടതു് സമസ്തരും കേൾക്കെ വിവരിച്ചുപറഞ്ഞു. പിന്നീടു് ശശികുമാരനുമായുണ്ടായ സംഭാഷണങ്ങളേയും ഒന്നും വിടാതെ അദ്ദേഹം അവിടെക്കൂടിയവരെ അറിയിച്ചു.

"ഈ കലികാലത്തു്—ഈ ആററംയുഗത്തിൽ—അധർമ്മം ധർമ്മത്തിന്റെ പദവിയിലേറിയിരുന്നു് ഭരണം നടത്തുമ്പോൾ—പ്രചണ്ഡതാണ്ഡവമാടുമ്പോൾ—ഇത്രമാത്രം നിഷ്കളങ്കനും, സൽസ്വഭാവിയും, ദൈവീകത്വത്തോടുകൂടിയവനും ആയ ഒരു ബാലനെ കണ്ടുകിട്ടിയതു് തന്റെ പൂർവ്വപുണ്യസുകൃതം കൊണ്ടുമാത്രമാണു്. ഇവരെപ്പോലുള്ള സദ്വൃത്താശ്രേഷ്ഠരന്മാരുടെ സംരക്ഷണത്തിന്നു വേണ്ടിയാണു് ഭഗവാൻ എനിക്കു് ആ ധനം നല്കീട്ടുള്ളതു്. ഹേ! രാംപ്രസാദ് നിങ്ങൾ യാതൊരു ഇനാമും വാങ്ങിക്കുകയില്ലെന്നു് ഞാൻ മനസ്സിലാക്കി; അതിനാൽ ഞാൻ വല്ലതും തന്നു് നിങ്ങളെ വേദനിപ്പിക്കുന്നില്ല. എന്റെ സർവ്വവിധ സഹായങ്ങളും എന്നും നിങ്ങൾക്കു് പ്രതീക്ഷിക്കാം. അപ്രകാരം ചെയ്യുന്നതു് എനിക്കു പരമാനന്ദമാണു്. അദ്ദേഹം അടുത്തുതന്നെ സിക്രട്ടറിയെ നോക്കി. "രാംപ്രസാദിന്റെ ഇച്ഛാനുസൃതം ആ കുടുംബത്തിന്റെ ഭരണം നടത്തികൊടുക്കേണ്ടതാണു്" എന്നു കല്പിച്ചു.

ഈ ഘട്ടത്തിൽ, ജമീൻദാർ മുൻകൂട്ടി സ്വകാര്യമായി ഏർപ്പാടു് ചെയ്തിരുന്നതനുസരിച്ചു് ക്ഷേത്രം പൂജാരിവന്നു് "ഭഗവാൻ അനുഗ്രഹിച്ചുതന്ന പ്രസാദമാണിതു്!" എന്നുപറഞ്ഞു് ഒരു പണക്കിഴി രാംപ്രസാദിന്റെ കയ്യിലർപ്പിച്ചു.

അവിടെ കൂടിയ സമസ്തരും "ഹരേ റാം, ഹരേ റാം" എന്നു് കൊണ്ടാടി.

MUL
209905

# കടംകഥകൾ

കുട്ടിമ്മാൻ

1. പുലിയുണ്ടതിന്മേൽ പുകയുണ്ടതിന്മേൽ ഇലയുണ്ടതിന്മേൽ തീയുണ്ടതിന്മേൽ കലയുണ്ടതിന്മേൽ കലിയുണ്ടതിന്മേൽ ആരോഗ്യഹാനിക്കു് വകയുണ്ടതിന്മേൽ.

2. കൊച്ചിക്കാലേ നാലേകാലു് അവിടം കഴിഞ്ഞാൽ രണ്ടേകാലു് പത്താറെത്ത്യാൽ മൂന്നേകാലു്.

3. അഞ്ചിലൊന്നിൻ മകൻ അഞ്ചിലൊന്നുംകടന്നഞ്ചിലൊന്നിൻ മകളെ തന്നെയാരാഞ്ഞുടൻ അഞ്ചിലൊന്നാളുമുയന്നോരു പത്തനം അഞ്ചിലൊന്നാക്കിനാൻ ചഞ്ചലമെന്നിയെ.

4. പകലൊക്കെ ദ്വന്ദയുദ്ധം രാത്രിയായാൽ കൂട്ടിമുത്തം.

5. കാടുവെട്ടി തോടുകെട്ടി കല്ലുവെട്ടി പുല്ലുചെത്തി കുണ്ടുതൂത്തു കുഴിനികത്തി തണ്ടിട്ടു മണ്ടിപ്പായും തീവിഴുങ്ങി പിശാചിന്റെ കൂക്കിവിളികേട്ടു കുട്ട്യോളും മക്കളും പേടിച്ചോടി.

6. കാലകാലനുടെ പുത്രബന്ധുവിൻ
മാലകററിയ മഹാന്റെ സോദരൻ
കാലൊടിച്ചുകലചെയ്തവന്റെയൻ
പാലെരാജ്യധവനായതാരെടോ?

# മഹദ്വാക്യങ്ങൾ

1. കണ്ണിന്നു് പ്രകാശം എങ്ങനെയോ, ശ്വാസകോശങ്ങൾക്കു് വായു എങ്ങനെയോ, ഹൃദയത്തിന്നു് സ്നേഹം എങ്ങനെയോ അത്ര അനുപേക്ഷണീയതയാണു് മനുഷ്യാത്മാവിന്നു് സ്വാതന്ത്ര്യം. (ആർ. ജി. ഇൻഗർസോൾ)

2. അവനവന്റെ വിഷമതകളിൽനിന്നു് ആശ്വാസം നേടാനുള്ള യഥാർത്ഥമായ മാർഗ്ഗം വിഷമതകളുള്ള മററുള്ളവക്കു് ആശ്വാസം നല്കുകയാണു്
(മേയിന്റനോൺ)

3. നല്ല വഴികളിൽക്കൂടി നല്ലതിന്നുവേണ്ടി പരിശ്രമിക്കയും അതേസമയം മററുള്ളവരുടെ പ്രസ്തുത ശ്രമങ്ങളെ തടയാതിരിക്കുകയും ചെയ്യലാണു് യഥാർത്ഥ സ്വാതന്ത്ര്യം. (ജോൺ സ്ററുവർട്ടു് മിൽ)

4. സന്തുഷ്ടരായിരിക്കുക എന്ന കല, സാധാരണ സംഭവങ്ങളിൽ നിന്നും സന്തോഷം പ്രതീക്ഷിക്കാനുള്ള കഴിവിലാണു് അടങ്ങിയിരിക്കുന്നതു്.
(ഹെൻറിവാർഡു് ബീച്ചർ)

കടംകഥ ഉത്തരം:— 1. പുകവലി, 2. ബാല്യം, യൗവ്വനം, വാർദ്ധക്യം, 3. ഹനുമാൻ ലങ്കക്കു് തീവെക്കുക, 4. കൺപോളകൾ, 5. തീവണ്ടി, 6. കർണ്ണൻ.

# മതം കൂടാതെ ജീവിക്കുക സാദ്ധ്യമോ?

*പി ജി. എം.*

പലതരം സംസ്കാരങ്ങളെപ്പററി നാം പറഞ്ഞുകേൾക്കാറുണ്ടു്. ഭാരതീയ സംസ്കാരം, റോമൻ സംസ്കാരം, ഈജിപ്ഷ്യൻ സംസ്കാരം, ആംഗലേയ സംസ്കാരം തുടങ്ങിയവ. എന്താണീ സംസ്കാരം? വിവരിക്കുവാൻ വയ്യാത്തതും അനുഭവൈകവേദ്യമായതും ആയ ഒരു തരം പരിമളധോരണി പരത്തുന്ന സ്വഭാവവിശേഷമാണതു്. ജീവിതമൂല്യങ്ങളെക്കുറിച്ചു് ഓരോ കൂട്ടർക്കും ഓരോതരത്തിലുള്ള അഭിപ്രായഗതിയാണുള്ളതു്. ചിലർക്കു് ഈ ലോകത്തിലുള്ള ഇന്ദ്രിയപ്രീതികരങ്ങളായ വിഷയങ്ങളിൽ കവിഞ്ഞു് നേടേണ്ടതായൊന്നുമില്ലെന്നാണു് ധാരണ. മററു ചിലർക്കു് ഇന്ദ്രിയങ്ങൾക്കതീതമായ ദുഃഖലേശം കൂടാത്ത ചിദാനന്ദമാണു് അഭികാമ്യമെന്ന ബോധമാണുള്ളതു്. ഒരു സംസ്കാരത്തിന്റെ പ്രവണത വെളിപ്പെടുന്നതു് വിശ്വസിച്ചാചരിച്ചുവരുന്ന ജീവിതമൂല്യങ്ങളിൽ നിന്നു് ബഹിർഗ്ഗമിക്കുന്ന സജ്ജീവചര്യകളിൽ നിന്നാണു്. പരമ്പരയാ തുടന്നുവരുന്ന ചിന്താഗതികളിൽ നിന്നു് ഉറവെടുത്ത അനുഷ്ഠാനപദ്ധതികളിൽ കെട്ടിപ്പടുത്തതാണു് ഓരോ ജനതയുടേയും സംസ്കാരം. ഒരു ദേശത്തു് വസിക്കുന്ന ജനങ്ങളിൽ ഭാഷ, ആചാരം, വിചാരം, അനുഷ്ഠാനം എന്നിവകളിലുള്ള ഐകരൂപ്യംകൊണ്ടു് ഉറച്ചുവരുന്ന ഒരു തരം സ്വഭാവവിശേഷം സ്ഥായിയായി പ്രശോഭിച്ചുകാണാവുന്നതാണു്. പാലക്കാട്ടുചുരം കടന്നിങ്ങു വരുന്ന ഒരാൾക്കു് കേരളീയ സംസ്കാരത്തിന്റെ പരിമളം അനുഭവിക്കുവാനിടവരുന്നു. മണ്ണും കല്ലും മരവും അരുവിയും വയലും മററും അന്യസ്ഥലങ്ങളിലും കാണാവുന്നതാണു്. എന്നാൽ ഇവിടത്തുകാരുടെ സ്വഭാവവിശേഷം, സംഭാഷണരീതി, പെരുമാററത്തിലുള്ള പ്രത്യേകത തുടങ്ങിയവ ഒന്നു് വേറെത്തന്നെയാണു്. മലയാളിക്കു് അഭിമാനിക്കാവുന്ന ഒരു പ്രത്യേക സ്വഭാവവിശേഷമാണു് അവന്റേതു്. ഇങ്ങനെ ഓരോ കൂട്ടർക്കും കാണാം. ഭാരതത്തിന്നു് പ്രത്യേകമായ ചില സംസ്കാര ചിഹ്നങ്ങൾ ഉണ്ടു്. പുരാതനാചാര്യന്മാരുടെ അധീതിബോധാചരണ പ്രചാരങ്ങളുടെ ഫലമായി ജീവിതമൂല്യങ്ങളെസ്സംബന്ധിച്ച ഒരു വിശിഷ്ടവീക്ഷണരീതിയാണു് ഇവിടെ ആവിർഭവിച്ചിട്ടുള്ളതു്. ത്യാഗമാണു് അതിന്റെ ജീവൻ; ഭോഗമല്ല ആത്മദമനമാണു്; ഇന്ദ്രിയലാളനമല്ല ശരിയായ മാർഗ്ഗം. ഭൗതികസുഖവർദ്ധനമാത്രം ലക്ഷ്യമാക്കി, ശാശ്വത ധർമ്മനിഷ്ഠയെ കൈവെടിയുന്നതു് ആപത്തിന്നു വഴിവെയ്ക്കും. കൊടുക്കുവാനാണു്, പിടുങ്ങുവാനല്ല പഠിക്കേണ്ടതു്. അന്യനെ ഞെക്കിക്കൊല്ലുകയല്ല, അവനവനെ ബലികൊടുക്കുകയാണു് മാനവന്നഭിമാനം. ഇത്തരത്തിലൊരു ചിന്താഗതി വളർത്തിവന്നതുകൊണ്ടാണു് അന്യരാജ്യങ്ങളെ ആട്ടിപ്പിടിക്കുവാൻ മിനക്കെടാതെ, വന്നവർക്കൊക്കെ സ്വാഗതം അരുളി, അവരുടെ തടി വീർപ്പിക്കാനുള്ള തട്ടിപ്പുകൾക്കു കൂടി വഴങ്ങിക്കൊടുത്തു്, ആരോടും പകയും അസൂയയും കൂടാതെ, അടങ്ങിയൊ

ളുങ്ങി, സമസ്തലോകത്തിനും സുഖം സിദ്ധിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി പ്രശാന്തസുന്ദരമായ ജീവിതം നയിക്കുവാൻ ഭാരതീയർ കാംക്ഷിച്ചുവന്നതു്. പ്രകൃതിയുടെ മനോജ്ഞമന്ദഹാസപ്രപൂരിമ ഇവിടത്തുകാരെ ശാന്തിസന്ദേശവാഹകന്മാരാക്കുവാൻ സമർത്ഥരാക്കി. അതാണു് ഭാരതീയ സംസ്കാരത്തിന്റെ സവിശേഷത.

ഫലഭൂയിഷ്ഠമല്ലാത്ത ഒരു ഭൂവിഭാഗത്തിൽ, ജീവിതക്ലേശങ്ങളിൽ മുങ്ങി മയങ്ങി സദാ പ്രകൃതിയോടു പോരാടിക്കൊണ്ടു കഴിച്ചുകൂട്ടേണ്ടിവന്ന പാശ്ചാത്യർക്കു് ജീവിതത്തിന്റെ ആന്തരിക നിലയെക്കുറിച്ചു് അഗാധമായി ചിന്തിച്ചു വിലയിരുത്തുവാൻ വഴി കിട്ടിയില്ല. ബാഹ്യപ്രകൃതിജയം എന്ന ലക്ഷ്യത്തെ ഉന്നംവെച്ചുകൊണ്ടായി അവരുടെ ജീവിതയാത്ര അർത്ഥശാസ്ത്രം, രാഷ്ട്രമീമാംസ, സാമുദായിക ശാസ്ത്രം, പലതരം കണ്ടുപിടുത്തങ്ങൾ മുതലായവ ഇതിന്റെ ഫലമായി വളരെ അഭിവൃദ്ധി നേടി. പക്ഷെ ഭോഗാസക്തി വർദ്ധിപ്പിക്കാനാണു് ഇതു് ഇടയാക്കിയതു്. ഒന്നിനുമേൽ മറെറാന്നായി ഓരോ കണ്ടുപിടുത്തമുണ്ടായി. ആദ്യമുണ്ടായവയെ പിൻതള്ളി പിന്നീടുണ്ടായവ പുരോഗമിച്ചു പാഞ്ഞുകയറുകയായി. തോക്കു കണ്ടുപിടിച്ചതു വലിയ നേട്ടമായിരുന്നുവെന്നായിരുന്നു വെപ്പു്. പക്ഷെ അതിലും വലുതായ നശീകരണോപായങ്ങൾ, ആററംബോംബ്, ഹൈഡ്രജൻ ബോംബു് എന്നിവ മുന്നേറിയപ്പോൾ പഴയതു നിഷ്പ്രഭമായി. ചക്രം വലിയ പുരോഗതിയുണ്ടാക്കിയ നിർമ്മാണമെന്നതു് അതിലും എത്രയോ വമ്പിച്ച നേട്ടങ്ങൾ വെളിക്കുവന്നപ്പോൾ പഴയതു നിഷ്പ്രഭമായി. നിർമ്മാണമെന്നതു്. അതിലും എത്രയോ വമ്പിച്ച നേട്ടങ്ങൾ വെളിക്കുവന്ന അത്ര എടുത്തുപറയാനില്ലെന്ന നിലയിലെത്തി. ഇങ്ങനെ ആധുനിക ശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണ പരീക്ഷണങ്ങൾ അത്ഭുതാവഹമായവിധം വളരുവാനിടവന്നുവെങ്കിലും ശാന്തിമാത്രം എവിടേയും കാണാനല്ലെന്ന സ്ഥിതിവിശേഷത്തിലാണെത്തിച്ചിരിക്കുന്നതു്. പുറത്തേയ്ക്കു നോക്കുവാൻ മാത്രം ശീലിക്കുന്നതു കാതലിലെത്തുവാൻ തരപ്പെടുത്തുകയില്ല. അന്തർമ്മുഖതയാണു് അതിന്നാവശ്യം.

പ്രവർത്തകന്മാരെ മൂന്നു തരത്തിൽ പെടുത്താം. വെറും കൂലിക്കുള്ള് വേലക്കാർ. അത്തരക്കാർക്കു ലഭ്യത്തിൽ മാത്രമാണു് കൊതി. വിജയകാംക്ഷികളായ പ്രവർത്തകരാണു് രണ്ടാമത്തെ വിഭാഗത്തിൽ പെടുത്താവുന്നവർ. അവർക്കു ലക്ഷ്യപ്രാപ്തിയിലാണു് നോട്ടം. സങ്കല്പസ്വർഗ്ഗം ഭൂമിയിലെത്തിക്കാനാണു് അവർ പരിശ്രമിക്കുന്നതു്. മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട പ്രയത്നശാലികൾ, ആദർശത്തിലേക്കു് മനുഷ്യരെ ഉയർത്തുവാനാണു് ഉദ്യമിക്കുന്നതു്. അവർക്കു് വേതനത്തെക്കുറിച്ചോ, ലാഭചേതങ്ങളെക്കുറിച്ചോ ചിന്തയില്ല. മനുഷ്യർക്കു് നന്മവരുത്താൻ വേണ്ടതു ചെയ്യുക; അവരെ ഉയർത്തുക; അതിനുവേണ്ട പ്രചോദനം നൽകുക:— ഇതാണു് അവരുടെ പരിശ്രമരീതി. ശ്രീബുദ്ധൻ, ക്രിസ്തു, വിവേകാനന്ദൻ തുടങ്ങിയവർ ഇത്തരത്തിൽപെട്ടവരാണു്. അങ്ങനെയുള്ളവരാണു് യാഥാർത്ഥ മാർഗ്ഗദർശികൾ.

അഭികാമ്യമായ ഒരു ജീവിതരീതി പ്രയോഗപദ്ധതിയിൽ വരുത്തേണ്ടതിലേക്ക് മൂന്ന് സനാതന തത്വങ്ങളാണ് ഭാരതീയാചാര്യന്മാർ അവലംബിച്ചത്. ബ്രഹ്മചര്യം, അഹിംസ, സത്യം, ശാരീരികമേനമാണ് ബ്രഹ്മചര്യംകൊണ്ട് നിർദ്ദേശിച്ചിട്ടുള്ളത്. എത്ര സമ്പത്തും പ്രതാപവും സ്വാധീനത്തിലുണ്ടെങ്കിലും, കടിഞ്ഞാണില്ലാതെ സുഖഭോഗങ്ങളിൽ കുത്തയഞ്ഞു കുതിച്ചുചാടുന്നത് നാശത്തിന്ന് വഴിവെക്കാതിരിക്കയില്ല. നിയന്ത്രണം കൂടാതെയുള്ള ജീവിതം ആപത്തിന്റെ മുന്നോടിയാണ്. ഏതിലും നിയമനം വേണമെന്നാണ് ബ്രഹ്മചര്യം അനുശാസിക്കുന്നത്. പിന്നെ, അഹിംസയാണ്. മനസ്സിന്റെ നിലയാണ് ഇതിൽ പ്രധാനം. അല്പമെങ്കിലും ഹിംസകൂടാതെ ജീവിച്ചിരിക്കുകതന്നെ സാദ്ധ്യമല്ല. മനസ്സിൽ കലുഷത കലരാതെ, എല്ലാവർക്കും സുസ്ഥിതി വരേണമെന്ന ആകാംക്ഷയോടെ ഇരിക്കുന്നതാണ് അഹിംസ. ഉപദ്രവരീതിക്ക് പ്രവർത്തിക്കേണ്ടിവരുമ്പോഴും സ്നേഹം അടിയിലുണ്ടായിരിക്കണം. ഡാക്ടർ രോഗിയുടെ ശരീരത്തിൽ കത്തിവെക്കുന്നത് ബാഹ്യത്തിൽ ഹിംസയിൽ പെടുമെങ്കിലും, അത് ചിലപ്പോൾ മരണത്തിന്നുകൂടി ഇടവരുത്തുമെങ്കിലും, പ്രേരകശക്തി സ്നേഹമാണെന്നുള്ളതിനാൽ, ഉദ്ദേശശുദ്ധിയെ ഓർത്ത്, അതിനെ അഹിംസയുടെ വകുപ്പിലാണ് പെടുത്തേണ്ടത്. ഉപദ്രവിക്കുവാൻ മോഹം വെച്ചുപുലർത്തുകയും, അതിന് കഴിവില്ലാതെ പുറത്തേക്ക് അഹിംസ കാട്ടുകയും ചെയ്യുന്നത് മിഥ്യാചാരംതന്നെയാണ്. സത്യനില അറിയുന്നത് ബുദ്ധികൊണ്ടാണ്. ബുദ്ധി തെളിയുമ്പോൾ സത്യം പ്രകാശിക്കും. ശാരീരികവും, മാനസികവും ബുദ്ധിപരവുമായി ഈ മൂന്ന് തത്വങ്ങൾ മൂന്ന് തലങ്ങളിലും സമന്വയപ്പെടുത്തി സ്വീകരിക്കപ്പെടുമ്പോൾ ജീവിതം സംശുദ്ധമായിത്തീരുന്നു. അനേകവിധത്തിൽ വ്യവഹരിക്കപ്പെട്ടുവരുന്ന ഈശ്വരതത്വത്തിന്റെ സൂക്ഷ്മനില അനുഭവപ്പെടണമെങ്കിൽ ജീവിതചര്യ ശാസ്ത്രസമ്മതമായ ക്രമീകൃതനിലയിൽ പാകപ്പെടുത്തണം. ഭാരതീയാചാര്യന്മാർ ഈ വഴിയാണ് കാട്ടിത്തന്നിട്ടുള്ളത് മതത്തിന്റെ അനുശാസനം ഈ അനുഭവം ഉണ്ടാകുന്നതിനാണ്, തടിച്ച പുസ്തകങ്ങൾ കക്ഷത്തിറുക്കി നടന്നാൽ പാണ്ഡിത്യമൊന്നും കൈവരുന്നതല്ല. കുറെ തത്വങ്ങൾ ഉരുവിട്ട് പഠിച്ചതുകൊണ്ടായില്ല. ശാശ്വതമൂല്യങ്ങളനുസരിച്ച് ജീവിതചര്യ ക്രമപ്പെടുത്തണം. അനുഷ്ഠാനംകൊണ്ടേ അനുഭൂതി കൈവരൂ. വരുമാനം വർദ്ധിപ്പിക്കുന്നതുകൊണ്ടോ, സുഖസൗകര്യങ്ങൾ കൂട്ടുന്നതുകൊണ്ടോ, നിയമാവലികൾ പെരുപ്പിക്കുന്നതുകൊണ്ടോ ശാന്താവും സമാധാനവും നേടാമെന്ന് കരുതുന്നത് വ്യാമോഹമാണ്. ഉത്തമാദർശങ്ങൾക്ക് സ്വയം ഉഴിഞ്ഞുവെച്ചുകൊണ്ട് ഇരുനൂറ് വ്യക്തികൾ ഒന്നിച്ച് ജീവിക്കുവാൻ തീരുമാനിക്കുന്നുവെന്നിരിക്കട്ടെ. എന്തൊരു സൗഭാഗ്യസുന്ദരമായ സമുദായമായിരിക്കും അത് വ്യക്തികളുടെ സമൂഹമല്ലാതെ മറെറന്താണ് രാഷ്ട്രം? എത്രയധികം വ്യക്തികൾ ഒരു രാജ്യത്ത് ആദർശസമ്പന്നമായ ജീവിതത്തിന്നൊരുങ്ങുന്നുവോ, അത്രയധികം ആ രാജ്യം ഉൽകർഷം നേടുന്നു. അങ്ങനെ അർത്ഥവത്തായ ജീവിതം നയിക്കുവാൻ പ്രചോദനം നൽകുന്ന തത്വ

# ജവഹർലാൽ നെഹറു

(പ്രകടപ്രസംഗം)

ടി. കെ. ആർ. എം.

മഹതികളേ, മഹാന്മാരേ!

മാതൃഭൂമിയുടെ ഉത്തമസന്താനമായ ജവഹർലാൽ നെഹറു എന്ന പേർ കേൾക്കുമ്പോൾത്തന്നെ നമുക്കെല്ലാവക്കും അഭിമാനവും ആവേശവും ഉണ്ടാകുന്നുണ്ടു്. സ്വതന്ത്രഭാരതത്തിന്റെ പ്രധാനമന്ത്രിയായി ചാജ്ജെടുത്തപ്പോൾ അദ്ദേഹം എന്തു പറഞ്ഞു എന്നു നിങ്ങൾ ഓക്കുന്നുണ്ടോ? ഉണ്ടാവും. നിങ്ങൾക്കതു മറക്കാനാവില്ല. "ഞാൻ ഈ രാജ്യത്തിന്റെ ഒന്നാമത്തെ കിങ്കരനാണ്." നമ്മളെങ്ങനെ ആ വിവേകവാണി, വിനയത്തിൽ മുക്കിയെടുത്ത ആത്മാർത്ഥത നിറഞ്ഞ ആ വാക്കു മറക്കും!

ത്യാഗത്തിന്റെ പ്രതീകമാണ് നെഹറു. മഹാത്മജിപോലും ശ്ലാഘിച്ച ഒരു മഹാത്യാഗത്തിന്റെ പ്രതീകമാണ് അദ്ദേഹം. മോത്തിലാൽ നെഹറു ഒരു കൈത്തിരിയാണെങ്കിൽ മകൻ അതിൽനിന്നു കൊളുത്തിയെടുത്തൊരു വലിയ പന്തമാണ്. ആഡംബരത്തിൽ നഖശിഖാന്തം പൊതിഞ്ഞ ഒരു ജീവിതമായിരുന്നു ബാല്യത്തിൽ അദ്ദേഹത്തിന്റേതു് ചക്രവത്തികുമാരനെപ്പോലും വിസ്മയിപ്പിച്ച ഒരാഡംബര ജീവിതം! ആ ജീവിതം കൽത്തുറുങ്കിലങ്ങനെ കുറച്ചുകാലമെങ്കിലും നയിച്ചു എന്നതാണ് നമ്മെ അത്യാശ്ചര്യപ്പെടുത്തുക. ഹംസതൂലശയ്യയിൽനിന്നു പാഴ്മണ്ണിലേയ്ക്കു്; സൌരഭ്യസമ്പൂർണ്ണമായ പൂമച്ചിൽനിന്നു ദുർഗ്ഗന്ധം വമിക്കുന്ന നരകക്കുഴിയിലേയ്ക്കു്! ആ ഇറങ്ങിവരൽ പെട്ടെന്നാർക്കും ഇഷ്ടമാവുന്ന ഒന്നല്ല. പക്ഷെ ജവഹർ അതു ഇഷ്ടപ്പെട്ടു; മാതൃഭൂമിയുടെ ദുസ്ഥിതിയിൽപെട്ട അതു് അദ്ദേഹം ഒരു അനുഗ്രഹമായി കൈവരിച്ചു. അഗ്നിയിൽ തപിക്കുമ്പോൾ കാഞ്ചനം അതിന്റെ വർണ്ണവൈശിഷ്ട്യം കാണിക്കുന്നു. കഷ്ടപ്പാടുകളിലാണ് മഹാപുരുഷന്മാരുടെ മഹത്വം പ്രകടമാവുക. യാതനകൾ ആ നേതാവിന്റെ സ്വഭാവത്തിനും സംസ്കാരത്തിനും മാററു വർദ്ധിപ്പിച്ചു. അദ്ദേഹത്തെപ്പോലെ സ്ഥിരമായി പ്രയത്നിക്കാൻ, ഫലോദയംവരെ യത്നിക്കാൻ, രാപ്പകൽ ഭേദമില്ലാതെ പണിയെടുക്കാൻ നമ്മളിൽ എത്ര പേർക്കു കഴിയും? ഏററവും തിര

---

ങ്ങളാണ് മതം ഉൾക്കൊള്ളുന്നതു്. അങ്ങിനെയിരിക്കെ, മതംകൂടാതെ ജീവിക്കുക സാദ്ധ്യമോ എന്നു് നിങ്ങൾതന്നെ ആലോചിക്കുവിൻ. ജീവിതം സഫലമാക്കി കൃതാർത്ഥത നേടുവിൻ! *

---

* ചിന്മയാനന്ദസ്വാമി 12-5-60-ൽ കൊല്ലങ്കോട്ട് കോവിലകത്തുവെച്ച് നടത്തിയ പ്രസംഗമാണ് ഈ ഉപന്യാസത്തിന്നവലംബം. (വിദ്യാർത്ഥികൾക്ക് പ്രകടപ്രസംഗത്തിന്നു് പററിയതു്.)

ക്കുപിടിച്ചൊരു ജോലി ലോകത്തിലാർക്കെങ്കിലുമുണ്ടെങ്കിൽ അതു ജവഹർലാൽ നെഹ്റുവിനു മാത്രമാണ്—ഇന്ത്യൻ പ്രധാനമന്ത്രിക്കുമാത്രമാണ്. എന്നിട്ടും അദ്ദേഹം സമയം കണ്ടെത്തുന്നു—കളിക്കാനും, കുട്ടികളെ താലോലിക്കാനും, സമ്മേളനങ്ങളിൽ പങ്കുകൊള്ളാനും, ഗ്രാമീണനർത്തകരുമായിച്ചേർന്നു നൃത്തം ചെയ്യാനും!

മോത്തിലാൽ നെഹ്റുവിനും സ്വരൂപറാണിക്കും പ്രഥമസന്താനമായി പിറന്ന ജവഹർ വളരെക്കാലം കൂടപ്പിറപ്പുകളില്ലാതെയുള്ള ഒരേകാന്തത അനുഭവിച്ചു. പിന്നീടാണ് രണ്ടു സഹോദരിമാരുടെ വരവ്. എല്ലാം ശ്രദ്ധയും, എല്ലാ ശുശ്രൂഷയും, എല്ലാം പഠിപ്പും ആ ആൺകുട്ടിക്കു ലഭിച്ചു. ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം ചെയ്തു പേരും പെരുമയും നേടി ആ യുവാവു സ്വരാജ്യത്തു മടങ്ങി എത്തി. ഏഴുകൊല്ലം ആ വിദ്യാവ്യസനി ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടി. നിയമജ്ഞനെന്ന ബിരുദം സമാർജ്ജിച്ച് ജവഹർ മാതൃഭൂമിയിൽ കാലൂന്നി. ജീവിതം അദ്ദേഹത്തിനു ആസ്വാദ്യമായി അനുഭവപ്പെട്ടില്ല. മൃഗയാ വിനോദത്തിലല്ലാതെ മറെറാന്നിലും അദ്ദേഹം ശ്രദ്ധിക്കാതായി. ഒരു മാനിന്റെ അകാലനിര്യാണം ആ വേട്ട ബ്ഭ്രാന്തിൽനിന്നു അദ്ദേഹത്തെ എന്നെന്നേക്കുമായി പിൻതിരിപ്പിച്ചു.

1919-ൽ ആരംഭിക്കുന്നു ആ മഹാന്റെ രാഷ്ട്രീയജീവിതം. അതിലദ്ദേഹം പിതാവിനെക്കൂടി ഒരു പങ്കാളിയാക്കി. ഭാര്യ കമലയും സഹോദരിമാരും ജവഹർ ഒന്നിച്ച് പടക്കളത്തിലിറങ്ങി വിദേശീയത്വത്തോട് പോരാടുവാൻ. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ആ യുവാവ് കുറച്ചൊന്നുമല്ല പാടുപെട്ടതു്. അദ്ദേഹം ആശിച്ച സ്വാതന്ത്ര്യം കരഗതമായപ്പോഴും കൺമുമ്പിൽ കണ്ടതു് അഭയാർത്ഥി പ്രശ്നം, കാശ്മീർപ്രശ്നം തുടങ്ങിയ ഭീമപ്രശ്നങ്ങളായിരുന്നു. എല്ലാ പ്രശ്നവും ജവഹർ നിയന്ത്രിച്ചു. ലോകം മുഴുവനും വിസ്മയിക്കുമാറു് നിയന്ത്രിച്ചു.

1947 മാർച്ച്മാസത്തിൽ ദൽഹിയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ ഏഷ്യാ ബന്ധസമിതിയിൽ ഏഷ്യയിലെ 19 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കുകൊണ്ടു. ലോകത്തിലുള്ള ഒട്ടാകെ ജനസംഖ്യയിൽ പകുതിയോളം വരുന്ന ജനങ്ങളുടെ പ്രാതിനിദ്ധ്യമാണ് ആ സമിതിക്കന്നു് സിദ്ധിച്ചതു്. ലോകചരിത്രത്തിൽ ഏഷ്യക്കുള്ള സ്ഥാനം നിസ്സാരമല്ലെന്ന ഒരു താക്കീതു് അദ്ദേഹം കൊടുത്തു. ഏഷ്യ ലോകത്തിലെ മഹാശക്തിയായി ഉയരുമെന്നും, അതു് ഏറെ ദൂരത്തായിരിക്കയില്ലെന്നും അദ്ദേഹം തുറന്നുപറഞ്ഞു. പാശ്ചാത്യരുടെ ചൂഷണം കൊണ്ടു് എല്ലും തോലിയുമായി മിക്കവാറും [illegible]വശ്ശവമായി കഴിഞ്ഞുകൂടുന്ന ഏഷ്യക്ക് പുനരുദ്ധാനമുണ്ടാവില്ലെന്നും, അ[illegible] മഹാശക്തിയായി വികസിക്കയില്ലെന്നും ദിവാസ്വപ്നം കാണുന്നവർക്ക് അദ്ദേഹം താക്കീതു നൽകി.

1949 ജനുവരിയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ മറെറാരു സമ്മേളനം ഇന്തോനേഷ്യയുടെ വിമോചനാർത്ഥമായിരുന്നു. ഡച്ചുകാർക്കു് നെഹറുവിനെ അറിയാം. അവർ ഇന്തോനേഷ്യയുടെ മേലുള്ള പിടി കൈവെടിഞ്ഞു. കൊറിയൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ ജവഹർ പറഞ്ഞു രണ്ടു് കൊറിയയേയും വേർതിരിക്കുന്ന 38-ാമത്തെ അതൃത്തിരേഖ അതിലംഘിച്ചുപോകുന്നതു് ആപൽക്കരമായിരിക്കുമെന്നു്. ജവഹറിൻെറ സമീപനം ഇരുകൂട്ടർക്കും തൃപ്തികരമായി. ആംഗ്ലോ അമേരിക്കൻ ബ്ളോക്കിനു് അഭിമാനപൂർവ്വം തോൽവി സമ്മതിച്ചു് പിൻമാറേണ്ടിവന്നു. നെഹ്റുവിൻെറ പ്രവചനം ലോകത്തിൻെറ പ്രശംസക്കു് അർഹമായി.

നെഹ്റുവിൻെറ അമേരിക്കൻ പര്യടനം അവിടത്തുകാരെ മനസ്സിലാക്കി, പൌരസ്ത്യദേശത്തു് പുതുതായി ഉദിച്ച ഒരുജ്ജ്വലനക്ഷത്രമാണു് ജവഹർലാൽ എന്നു്. ദുർല്ലഭം ചിലർക്കുമാത്രം ലഭിക്കുന്ന സ്വീകരണമാണു് അദ്ദേഹത്തിനവിടെ കിട്ടിയതു്. ഫ്രാൻസിലെ പ്രസിഡണ്ടിനു് ലഭിച്ചതു്പോലുള്ള ഒരു സ്വീകരണം—അതാണു് ഇന്ത്യൻ പ്രധാനമന്ത്രിക്കു് അമേരിക്കയിൽ ലഭിച്ചതു്. സത്യവും അഹിംസയും കൊണ്ടല്ലാതെ ലോകം നിലനിത്തുക സാദ്ധ്യമല്ലെന്നു് അദ്ദേഹം പാശ്ചാത്യലോകത്തെ അറിയിച്ചു. മനുഷ്യവംശങ്ങിനു് ഇതുരണ്ടും ഉണ്ടായാൽ മറെറല്ലാസിദ്ധികളും താനേ ഉണ്ടാകും എന്നു് ജവഹർ യുക്തിപൂർവ്വം സ്ഥാപിച്ചു.

ഗ്രേറബ്രിട്ടനുമായി സൌഹാർദ്ദത്തിൽ കഴിയണമെന്നതു് ജവഹറിനൊരാവശ്യമാണു്. അതേസമയത്തുതന്നെ അതു് സമത്വത്തിൽ അധിഷ്ഠിതമായിരിക്കണം എന്നതും അദ്ദേഹത്തിൻെറ നിർബ്ബന്ധമാണു്. ബ്രിട്ടീഷ് കോമൺവെൽത്തിൽ കീഴടങ്ങിക്കൊണ്ടുള്ള ഒരിന്ത്യ നെഹ്റുവിനു് പ്രിയദർശകമല്ല. കോമൺവെൽത്തിൽ തലയുയർത്തിനില്ക്കുന്ന ഒരു അംഗമാകണം ഇന്ത്യ. ഇതെങ്ങനെ ശരിയാകുമെന്നു് പലരും തലപുകഞ്ഞാലോചിച്ചു. നെഹ്റുവിൻെറ സമീപനം എല്ലാവരുടേയും ആശയക്കുഴപ്പത്തിന്നു് ശാശ്വതപരിഹാരമുണ്ടാക്കി.

നിർഭീകനാണു് അദ്ദേഹം; അദ്ദേഹത്തിൻെറ രാഷ്ട്രീയനയത്തിനുമുണ്ടൊരു പുതുമ.

അദ്ദേഹം വിജ്ഞാനത്തിൻെറ ഉറവിടമാണു്; സമാധാനത്തിൻെറ ദൂതനാണു്; അഹിംസയുടേയും സത്യത്തിൻേറയും, സഹവർത്തിത്വം തുടങ്ങിയ പഞ്ചശീലത്തിൻെറയും പ്രവാചകനാണു്; ഇന്ത്യക്കും ഇന്ത്യക്കാർക്കും കല്പകതരുവുമാണു്. ഭാരതനേതാവേ! അവിടേക്കു് ദീർഘായുസ്സും, ആരോഗ്യവും ദൈവം നല്കി അനുഗ്രഹിക്കട്ടെ.

— * —